# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാലമേൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P-3/567/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 03/07/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാലമേൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-3/567/2022 തീയ്യതി: 03/07/2022

## ആലപ്പുഴ ജില്ലയിലെ പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2022 മുതൽ 23-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ .രാജീവ് .ആർ | ഡെപ്യൂട്ടി ഡയറക്ടർ | 23-05-2022 | 31-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-05-2022 | 31-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സജിതാ ദാസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
സുഷ.റ്റി.പിള്ള, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീകാന്ത്.സി.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഷിബു.എ.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി | തീയതി **(വരെ)** |
|---|---|---|---|

| | | (മുതൽ) | |
|---|---|---|---|
| ഓമനാ വിജയൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ബി.വിനോദ് | പ്രസിഡന്റ് | 01-12-2020 | 31-03-2021 |
| മണിയപ്പൻ. പി.വി | സെക്രട്ടറി | 01-04-2020 | 09-06-2020 |
| നാസില.സി.എ. അസി.സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-06-2020 | 22-06-2020 |
| ശാന്തകുമാർ.എ.ആർ,ജൂനിയർ സൂപ്രണ്ട് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-06-2020 | 06-07-2020 |
| അഡ്മിനിസ്റ്റേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 30-11-2020 |
| ഉണ്ണികൃഷ്ണൻ പിള്ള പി.ആർ. | സെക്രട്ടറി | 06-07-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജശ്രീ.പി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.സന്തോഷ് കുമാർ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| പ്രഭ.എ.വി | ഐ. സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2020 | 31-05-2020 |
| ശ്രീമതി അമിത.സി.എ | ഐ. സി.ഡി.എസ് സൂപ്പർ വൈസർ | 01-06-2020 | 17-01-2021 |
| ശ്രീമതി.ഇന്ദുലേഖ | ഐ. സി.ഡി.എസ് സൂപ്പർ വൈസർ | 18-01-2021 | 31-03-2021 |
| ഡോ .മോബി കുര്യൻ തേനാട്ട് | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| പാർവ്വതി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ.അബ്ദുൾ റസാഖ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ജയശ്രീ | ഹെഡ്മിസ്ട്രസ്സ് ഗവ.യു.പി.എസ് | 01-04-2020 | 31-03-2021 |
| ആര്യ.എസ്.എസ് | അസിസ്റ്റന്റ് എൻജിനീയർ(മരണപ്പെട്ടു) | 01-04-2020 | 07-02-2021 |
| ശ്രീജിത്.എ.എച്ച്, | അസിസ്റ്റന്റ് എൻജിനീയര്(ചാർജ്ജ്) | 08-02-2021 | 31-03-2021 |

| | | | |
|---|---|---|---|
| നാസില സി.എ | അസി.സെക്രട്ടറി | 01-04-2020 | 22-06-2020 |
| അനിൽകുമാർ.എ.എന് | അസി.സെക്രട്ടറി | 26-06-2020 | 31-03-2021 |
| അനിൽകുമാർ | വി.ഇ.ഒ | 01-04-2020 | 31-08-2020 |
| വികാസ് ജേക്കബ് | വി.ഇ.ഒ | 01-09-2020 | 31-03-2021 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 23-06-2020 | 25-06-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sajitha Das (Audit Officer (HG), On 30-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 01-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Susha.T.Pillai (Asst. Audit Officer, On 31-05-2022)<br>Last Updated By: Susha.T.Pillai (Asst. Audit Officer, On 31-05-2022) | 1-2 |
| 3 | വാർഷിക കണക്ക് പരിശോധന<br>Written By: Susha.T.Pillai (Asst. Audit Officer, On 31-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 16-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Sajitha Das (Audit Officer (HG), On 30-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 16-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)<br>Written By: Susha.T.Pillai (Asst. Audit Officer, On 31-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 21-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം.<br>Written By: Sajitha Das (Audit Officer (HG), On 30-05-2022)<br>Last Updated By: Susha.T.Pillai (Asst. Audit Officer, On 03-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sajitha Das (Audit Officer (HG), On 30-05-2022)<br>Last Updated By: Susha.T.Pillai (Asst. Audit Officer, On 17-06-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Sajitha Das (Audit Officer (HG), On 30-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 30-05-2022) | 1-7 |
| 9 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: A.P.Shibu (Senior Grade Auditor, On 02-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 02-06-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണ സംവിധാനം<br>Written By: Sajitha Das (Audit Officer (HG), On 02-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 17-06-2022) | 1-9 |
| 11 | വസ്തുനികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നില്ല- തനതു വരുമാനത്തിൽ വൻ നഷ്ടം<br>Written By: A.P.Shibu (Senior Grade Auditor, On 31-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 01-06-2022) | 1-10 |
| 12 | വ്യവസായ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: A.P.Shibu (Senior Grade Auditor, On 31-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 01-06-2022) | 1-11 |
| 13 | മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കുന്നില്ല<br>Written By: A.P.Shibu (Senior Grade Auditor, On 31-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 01-06-2022) | 1-12 |
| 14 | ഷോപ്പിംഗ് കോംപ്ളക്സുകളിൽ നിന്നും വാടക ഈടാക്കുന്നില്ല-112859/-രൂപ വരവ് നഷ്ടം<br>Written By: A.P.Shibu (Senior Grade Auditor, On 31-05-2022)<br>Last Updated By: A.P.Shibu (Senior Grade Auditor, On 15-06-2022) | 1-13 |
| 15 | വാടക- കേസ് വിവരങ്ങൾ ലഭ്യമാക്കിയില്ല<br>Written By: A.P.Shibu (Senior Grade Auditor, On 31-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 01-06-2022) | 1-14 |
| 16 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല | 1-15 |

| | | |
|---|---|---|
| | Written By: Sajitha Das (Audit Officer (HG), On 01-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 01-06-2022) | |
| 17 | ആസ്തി രജിസ്റ്റർ കൃത്യമായി പരിപാലിക്കപ്പെടുന്നില്ല<br>Written By: Sajitha Das (Audit Officer (HG), On 01-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 03-06-2022) | 1-16 |
| 18 | പ്രൊക്യുയർമെന്റ് കമ്മിറ്റി കൂടുന്നില്ല<br>Written By: Sreekanth C.S (Asst. Audit Officer, On 02-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 02-06-2022) | 1-17 |
| 19 | സാമൂഹ്യപെൻഷൻ-അപാകതകൾ സംബന്ധിച്ച്<br>Written By: A.P.Shibu (Senior Grade Auditor, On 31-05-2022)<br>Last Updated By: A.P.Shibu (Senior Grade Auditor, On 17-06-2022) | 1-18 |
| 20 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടുന്നില്ല<br>Written By: Sreekanth C.S (Asst. Audit Officer, On 02-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 02-06-2022) | 1-19 |
| 21 | ദിവസവേതനാടിസ്ഥാനത്തിൽ ദീർഘകാലമായി തുടരുന്നു<br>Written By: Sreekanth C.S (Asst. Audit Officer, On 02-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 02-06-2022) | 1-20 |
| 22 | ഗുണഭോക്താവ് മരിച്ച ശേഷം കട്ടിൽ വിതരണം-4350/-രൂപ നഷ്ടം<br>Written By: A.P.Shibu (Senior Grade Auditor, On 31-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 02-06-2022) | 1-21 |
| 23 | പദ്ധതികൾ ലക്ഷ്യം കൈവരിച്ചിട്ടില്ല<br>Written By: Susha.T.Pillai (Asst. Audit Officer, On 31-05-2022)<br>Last Updated By: Susha.T.Pillai (Asst. Audit Officer, On 03-06-2022) | 1-22 |
| 24 | ഭവന പുനരുദ്ധാരണത്തിനായുള്ള തുക സി.ഡി.എസ് -ൽ നിക്ഷേപമായി തുടരുന്നു<br>Written By: Susha.T.Pillai (Asst. Audit Officer, On 01-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 01-06-2022) | 1-23 |
| 25 | കുഴിയത്ത് റോഡ് ടാറിംഗ് - കരാറുകാരന്റെ ഇ.എം.ഡി കണ്ടുകെട്ടിയില്ല - പഞ്ചായത്ത് കമ്മറ്റി തീരുമാനം ഇതേ വരെയും നടപ്പിലാക്കിയില്ല.<br>Written By: Sajitha Das (Audit Officer (HG), On 01-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 21-06-2022) | 1-24 |
| 26 | ബഡ്സ് സ്കൂൾ ചുറ്റുമതിൽ പൂർത്തീകരണം , S067/21- നിലവിൽ ചെയ്ത പ്രവൃത്തിക്കായി വീണ്ടും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി തുക പിൻവലിച്ചു.<br>Written By: Sajitha Das (Audit Officer (HG), On 01-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 03-06-2022) | 1-25 |
| 27 | ഗ്രാമപഞ്ചായത്ത് ഓഫീസിൽ വനിതാ സൗഹാർദ്ദമുറി - നിഷ്ക്രിയാസ്തിയായി മാറി<br>Written By: Sajitha Das (Audit Officer (HG), On 01-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 17-06-2022) | 1-26 |
| 28 | കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ,210/20-21- ഡിസ്പോസ് ചെയ്ത സാധനങ്ങളുടെ പുനരുപയോഗം വ്യക്തമല്ല.<br>Written By: Sajitha Das (Audit Officer (HG), On 01-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 03-06-2022) | 1-27 |
| 29 | പാലമേൽ ഗ്രാമപഞ്ചായത്തിൽ മെമ്പർമാർക്ക് കാബിൻ നിർമ്മാണം, So 250/19 - അംഗീകൃത പദ്ധതിയിൽ നിന്നും വ്യത്യസ്തമായ നിർവ്വഹണം<br>Written By: Sajitha Das (Audit Officer (HG), On 01-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 16-06-2022) | 1-28 |
| 30 | വിവിധ ടാറിംഗ് പ്രവൃത്തികൾ - കാലിവീപ്പയുടെ വിലയോടൊപ്പം ജി.എസ്.റ്റി ഈടാക്കിയിട്ടില്ല.<br>Written By: Sajitha Das (Audit Officer (HG), On 02-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 02-06-2022) | 1-29 |
| 31 | എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് - പ്രവർത്തനം ആരംഭിച്ചിട്ടില്ല<br>Written By: Sajitha Das (Audit Officer (HG), On 01-06-2022) | 1-30 |

| | | |
|---|---|---|
| | Last Updated By: Sajitha Das (Audit Officer (HG), On 21-06-2022) | |
| 32 | പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കപ്പെടുന്നില്ല - പിഴ കുറവായി ഈടാക്കുന്നു.<br>Written By: Sajitha Das (Audit Officer (HG), On 02-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 18-06-2022) | 1-31 |
| 33 | പദ്ധതി പൂർത്തീകരണ വിവരം ലഭ്യമല്ല -തുക തടസ്സപ്പെടുത്തുന്നു<br>Written By: Susha.T.Pillai (Asst. Audit Officer, On 01-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 02-06-2022) | 1-32 |
| 34 | കുടിവെള്ളവിതരണം-തനത് ഫണ്ടിന് അധിക ബാദ്ധ്യത<br>Written By: Susha.T.Pillai (Asst. Audit Officer, On 01-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 02-06-2022) | 1-33 |
| 35 | മഴക്കാലപൂർവ്വ ശുചീകരണം-ചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: Sreekanth C.S (Asst. Audit Officer, On 02-06-2022)<br>Last Updated By: Susha.T.Pillai (Asst. Audit Officer, On 03-06-2022) | 1-34 |
| 36 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതം തനതു ഫണ്ടിൽ നിക്ഷേപമായി തുടരുന്നു<br>Written By: Susha.T.Pillai (Asst. Audit Officer, On 01-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 02-06-2022) | 1-35 |
| 37 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരിൽ നിന്നും ആദായ നികുതി ജിഎസ്റ്റിയും ഈടാക്കിയില്ല<br>Written By: Susha.T.Pillai (Asst. Audit Officer, On 31-05-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 21-06-2022) | 1-36 |
| 38 | കറവപ്പശു വളർത്തൽ പദ്ധതി - രേഖകൾ ക്രമപ്രകാരം പരിശോധനയ്ക്ക് നൽകിയില്ല-തുക തടസ്സപ്പെടുത്തുന്നു<br>Written By: Sreekanth C.S (Asst. Audit Officer, On 02-06-2022)<br>Last Updated By: Sreekanth C.S (Asst. Audit Officer, On 02-06-2022) | 1-37 |
| 39 | ലൈഫ് പദ്ധതി അവലോകനം<br>Written By: Susha.T.Pillai (Asst. Audit Officer, On 31-05-2022)<br>Last Updated By: Susha.T.Pillai (Asst. Audit Officer, On 15-06-2022) | 1-38 |
| | ഭാഗം **2** | |
| 1 | ഷോപ്പിംഗ് കോംപ്ളക്സുകളിൽ നിന്നും വാടക ഈടാക്കുന്നില്ല-112859/-രൂപ വരവ് നഷ്ടം<br>Written By: Sajitha Das (Audit Officer (HG), On 02-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 02-06-2022) | 2-1 |
| 2 | മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കുന്നില്ല<br>Written By: Sajitha Das (Audit Officer (HG), On 02-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 02-06-2022) | 2-2 |
| | ഭാഗം **3** | |
| 1 | ഗുണഭോക്താവ് മരിച്ച ശേഷം കട്ടിൽ വിതരണം-4350/-രൂപ നഷ്ടം<br>Written By: Sajitha Das (Audit Officer (HG), On 02-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 02-06-2022) | 3-1 |
| 2 | ബഡ്സ് സ്കൂൾ ചുറ്റുമതിൽ പൂർത്തീകരണം , S067/21- നിലവിൽ ചെയ്ത പ്രവൃത്തിക്കായി വീണ്ടും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി തുക പിൻവലിച്ചു.<br>Written By: Sajitha Das (Audit Officer (HG), On 02-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 02-06-2022) | 3-2 |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Susha.T.Pillai (Asst. Audit Officer, On 01-06-2022)<br>Last Updated By: Susha.T.Pillai (Asst. Audit Officer, On 16-06-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Susha.T.Pillai (Asst. Audit Officer, On 01-06-2022) | 4-2 |

| | | |
|---|---|---|
| | Last Updated By: Sajitha Das (Audit Officer (HG), On 02-06-2022) | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Susha.T.Pillai (Asst. Audit Officer, On 01-06-2022)<br>Last Updated By: Susha.T.Pillai (Asst. Audit Officer, On 01-06-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Susha.T.Pillai (Asst. Audit Officer, On 01-06-2022)<br>Last Updated By: Susha.T.Pillai (Asst. Audit Officer, On 15-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Susha.T.Pillai (Asst. Audit Officer, On 01-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 17-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Susha.T.Pillai (Asst. Audit Officer, On 01-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 17-06-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Susha.T.Pillai (Asst. Audit Officer, On 01-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 03-06-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Susha.T.Pillai (Asst. Audit Officer, On 01-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 03-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Susha.T.Pillai (Asst. Audit Officer, On 01-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 21-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sajitha Das (Audit Officer (HG), On 01-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 21-06-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 13.03.20 ലെ I(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 336714986 | 329030000 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെന്റിച്ചർ) | 237310907 | 245417419 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 07.05.2021 |

### 1-2-1 വാർഷിക കണക്ക് പരിശോധന

1. ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിൽ ബാധ്യത ഹെഡിൽ മുൻ വാർഷിക കണക്കിലെ അതേ തുകകൾ തുടരുന്നു. ഇവ ഏതു വർഷം ലഭിച്ചതാണെന്ന് എ.സി.ആറിൽ ചേർത്തിട്ടില്ല.

| കോഡ് നം. | ഇനം | തുക |
|---|---|---|
| 320200399 | Grants .....Other Than Development Fund And State Sponsered | 79126 |
| 320300102 | Grants .....-0ther Government Agencies | 6684 |
| 320700205 | Joint Venture(for Revenue Expenditure) From Dist.Panchayat | 2046859 |
| 320800101 | Beneficiary Contribution | 81041 |

2. B-9 Other Liabilities ൽ Liability In Respect Of Stale Cheque ആയി കാണിച്ചിട്ടുള്ളത് 27265/- രൂപയാണ്. എന്നാൽ റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ചുവടെ ചേർക്കുന്ന 2203/- രൂപയുടെ ചെക്കുകളാണ് ക്രമീകരിക്കപ്പെടാതെ നിലനിൽക്കുന്നതായി കാണുന്നത്.

| വൗച്ചർ നം. /തീയതി | ചെക്ക് നം./തീയതി | തുക |
|---|---|---|
| 22000367/13.08.2020 | 35080/12.08.20 | 1098 |
| 22000783 / 22.12.2020 | 038811/21.12.20 | 778 |
| 22000784/ 22.12.2020 | 038812/ 21.12.20 | 347 |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 22 പ്രകാരം യഥാസമയം പണമാകാത്ത ചെക്കുകൾക്ക് നല്കിയ രസീപ്റ്റ് ക്യാൻസൽ ചെയ്യേണ്ടതും അക്കൗണ്ട് ബുക്കുകളിൽ ആവശ്യമായ റിവേഴ്സ് എൻട്രികൾ വരുത്തേണ്ടതുമാണ്. എന്നാൽ മേൽ ചെക്കുകളുടെ കാലാവധി കഴിഞ്ഞിട്ടും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

3. B-9 Other Liabilities ൽ ഉള്ള ചുവടെ ചേർക്കുന്ന നീക്കിയിരുപ്പുകളുടെ കൃത്യത രേഖകളുടെ അഭാവത്തിൽ ബോധ്യപ്പെട്ടിട്ടില്ല .

| കോഡ് നം. | ഇനം | തുക |
|---|---|---|
| 350300109 | Refund Of Unutilised Grants Of Prior Period | 10000 |
| 350409901 | Refunds Payable -Others | 104080 |
| 350800299 | Other Liabilities | 2950530 |

4 .B-17 Cash And Bank Balance എന്ന ഹെഡിൽ (കോഡ് നം.450430104) ഇ.എം.എസ് ഹൗസിംഗ് ലോൺ 177335/- രൂപ ഇനിയും തിരിച്ചടയ്ക്കാതെ നീക്കിയിരിപ്പുള്ളതായി കാണുന്നു.

5. B-18 Loans Advances And Deposits എന്ന ഹെഡിൽ വിവിധ നിർവ്വഹണ ഏജൻസികളിൽ ചുവടെ ചേർക്കും

പ്രകാരം തുകകൾ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നു. അഡ്വാൻസ് രജിസ്റ്റർ പ്രകാരം 2014 മുതലുള്ള തുകകളാണ് നിക്ഷേപമായി തുടരുന്നത്. പ്രവർത്തി പൂർത്തീകരിച്ചിട്ടും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തുക ക്രമീകരിക്കപ്പെടാതെ പോയതാണോ എന്നതിൽ വ്യക്തതയില്ല.

| | |
|---|---|
| കേരള വാട്ടർ അതോറിറ്റി | 1245400 |
| കേരള ഇലക്ട്രിസിറ്റി ബോർഡ് | 1392861 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 13136151 |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ട്നം. 213/നിലാവ് -തെരുവു വിളക്ക് സ്ഥാപിക്കലും പരിപാലനവും എന്ന പദ്ധതിയ്ക്കായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതമായി കെ.എസ്.ഇ.ബി യിൽ നിക്ഷേപിച്ചതും പദ്ധതി നടപ്പാക്കാത്തതിനെ തുടർന്ന് തിരികെ ലഭിച്ചതുമായ 1607139/- രൂപ ലയബിലിറ്റി ഹെഡിൽ ചേർത്തിട്ടില്ല.

6. RP 32 Secured Loans എന്ന ഹെഡിൽ KURDFC ലോൺ ആയി ഉൾപ്പെടുത്തിയിട്ടുള്ളത് 1840000 രൂപയാണ്. ലോൺ രജിസ്റ്റർ പ്രകാരം 1440000/- രൂപയാണ് വരവ് .

7. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ B-11 ഷെഡ്യൂളിൽ ഉൾപ്പെട്ട ആസ്തികളുടെ മൂല്യം പരിശോധിക്കുവാനായിട്ടില്ല.

8. വസ്തു നികുതിയിനത്തിൽ വാർഷിക കണക്ക് പ്രകാരമുള്ള തുകയും സഞ്ചയ പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല .

9.കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ, 2011 ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പല നിർദ്ദേശങ്ങളും ഉൾപ്പെടുത്താതെയാണ് വാർഷികകണക്കുകൾ തയ്യാറാക്കിയിട്ടുള്ളത്. അടിസ്ഥാന അനുപാതങ്ങൾ, മുൻവർഷത്തിലെ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിനൊപ്പം ഉൾക്കൊള്ളിച്ചിട്ടില്ല.

(ഓഡിറ്റ് അന്വേഷണം.നം. 1/20-21/25.05.22)

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 28928502 |
| വരവ് | 101689635 |
| ആകെ | 130618137 |
| ചെലവ് | 99217703 |
| നീക്കിയിരിപ്പ് | 31400434 |
| വരവിനങ്ങളിടെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം | 4350 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3426000 |

## 1-4 ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | | ആകെ | ചെലവ് | | |
|---|---|---|---|---|---|---|---|
| | | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | | ജി.ഒ പ്രോജക്ട് | പ്രോജക്ട് | നീക്കിയിരുപ്പ് |
| വികസന ഫണ്ട് പൊതു വിഭാഗം | - | 3289648 | 18327776 | 21617424 | 3289648 | 17683419 | 644357 |
| വികസനഫണ്ട് എസ്.സി.പി. | - | 1113098 | 14873074 | 15986172 | 1113098 | 13892460 | 980614 |
| വികസനഫണ്ട് ടി.എസ്.പി. | - | 14627 | 137373 | 152000 | 14627 | 87906 | 49467 |

| | | | | | | | |
|---|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ബേസിക്ക്) | - | | 15253399 | 15253399 | | 10518105 | 4735294 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | | | 7760000 | 7760000 | | 701897 | 7058103 |
| സംരക്ഷണഗ്രാന്റ് റോഡ് | - | | 12931000 | 12931000 | | 10419845 | 2511155 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | | 5578994 | 5578994 | | 3374309 | 2204685 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 187 | 218603021 | 130 | 82147585 | 14 | 43 | 70% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 498840 | 838859 | 1337699 | 889279 | 448420 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 104423000/- | 104423000/- | 104423000/- | |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 32400 | 34 |
| കർഷകതൊഴിലാളി പെൻഷൻ | 6410100 | 441 |
| വിധവാപെൻഷൻ | 23186200 | 1648 |
| വാർദ്ധക്യകാലപെൻഷൻ | 45637600 | 3871 |
| വികലാംഗപെൻഷൻ | 5726900 | 403 |
| അവിവാഹിതപെൻഷൻ | 907200 | 59 |
| വിധവകളുടെ പെൺ മക്ക ൾക്കുള്ള വിവാഹ ധന സഹായം | 120000 | 4 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.05.2022 തീയതിയിൽ 3:30 P.M സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയില് 6136/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമല്ല. ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പിലാക്കപ്പെടുന്നില്ല(ഖ.1.24 കാണുക).

2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നില്ല. ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

3. പഞ്ചായത്തിന്റെ തനത് ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല.

4.റോഡ് രജിസ്റ്ററും, റോഡ് കണക്റ്റിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല.

5.പദ്ധതിനിർവ്വഹണ സംബന്ധമായ ട്രാൻസാക്ഷനുകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥർ നോട്ട് ഫയൽ സൂക്ഷിക്കുന്നില്ല.

6. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ മെറ്റീരിയൽ പ്രവൃത്തികളുടെ ബാഹുല്യം കാരണം ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യം സാക്ഷാത്കരിക്കപ്പെടുന്നില്ല.

7)തനത് വരുമാനങ്ങൾ കൃത്യമായി പിരിച്ചെടുക്കുന്നില്ല. വാടക, വസ്തു നികുതി എന്നിവ കുടിശ്ശികയാണ്.

8)ജൈവ മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കപ്പെടുന്നില്ല. എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ പഞ്ചായത്തിൽ നിലവിലില്ല. എൽ.പി.സ്കൂളുകളിലേക്ക് എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചെങ്കിലും പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

9) പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല. പൂർത്തീകരിക്കാത്ത പ്രവൃത്തികളിൻ മേൽ PWD മാനുവൽ അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ സ്വീകരിക്കാതിരിക്കുന്നത് കാരണം പ്രവൃത്തികൾ അകാരണമായി വൈകുന്നു.

10)ഓഡിറ്റ് റിപ്പോർട്ടുകളിൻ മേൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നില്ല. ആയതിനാൽ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലെ അപാകതകൾ നിലവിലും പരിഹരിക്കപ്പെടുന്നില്ല.

11) പ്രൊക്യൂർമെന്റ് കമ്മറ്റി നിർജ്ജീവമാണ്. പുതിയ ഭരണസമിതി നിലവിൽ വന്ന ശേഷം പ്രൊക്യൂർമെന്റ് കമ്മറ്റി പുനസംഘടിപ്പിച്ചിട്ടുമില്ല.

ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-10 വസ്തുനികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നില്ല- തനതു വരുമാനത്തിൽ വൻ നഷ്ടം

2020-21 ലെ വാർഷിക കണക്ക് പ്രകാരം വസ്തു നികുതി ഇനത്തിൽ 15,16,269 രൂപ കുടിശ്ശിക ഉള്ളതായി കാണുന്നു. വിശദവിവരങ്ങൾ ചുവടെ

റെസിഡെൻഷ്യൽ തൻവർഷം -468,523.00

റെസിഡെൻഷ്യൽ കുടിശ്ശിക -254,259.00

നോൺ റെസിഡെൻഷ്യൽ തൻവർഷം-342,048.00

നോൺ റെസിഡെൻഷ്യൽ കുടിശ്ശിക - 451,439.00

ആകെ - 15,16,269

വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 27/31-05-22 ന് നൽകിയ മറുപടിയിൽ 2020-21 വർഷം വസ്തുനികുതിയുടെ 71.41% മാത്രമാണ് പിരിച്ചതെന്നും 2021 -22 വർഷം വസ്തു നികുതി പിരിവ് 82% ആയി വർദ്ധിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ വസ്തുനികുതി പൂർണ്ണമായും പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലുണ്ടാവേണ്ടതാണ്.

## 1-11 വ്യവസായ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205(എ-കെ), തൊഴിൽ നികുതി ചട്ടങ്ങൾ അനുശാസിക്കുന്നത് പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളും തൊഴിൽകരം അടയ്ക്കാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ 2020-21 വർഷം ലൈസൻസ് അപേക്ഷകളും തൊഴിൽ നികുതി രജിസ്റ്ററും താരതമ്യം ചെയ്ത് പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് പുതുക്കാൻ നൽകിയ അപേക്ഷയിൽ രേഖപ്പെടുത്തിയിരിയ്ക്കുന്ന ജീവനക്കാരുടെ എണ്ണത്തിനനുസൃതമായി ടി സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ/ഉടമയുടെ പേര് | ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയിരിയ്ക്കുന്ന ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ജോൺസൺ, സിയോൺ കാഷ്യൂ കമ്പിനി വാർഡ് നം.16 | 28 |
| 2 | എസ്.അശോക് കുമാർ, മാറ്റ്സോ സിമന്റ് ബ്രിക്സ് | 5 |
| 3 | ശശികല, ഗുരു ഫ്യൂവൽസ്,12/151 | 5 |
| 4 | സെക്രട്ടറി, എരുമക്കുഴി ക്ഷീരോൽപ്പാദന സഹകരണ സംഘം | 2 |
| 5 | ജിൻസി ബിജു, A&Aകോൺക്രീറ്റ് മിക്സ് | 15 |
| 6 | നൗഷാദ്, കുറ്റിവിളയിൽ ഹോളോബ്രിക്സ് 10/611 | 5 |
| 7 | വിജയൻ ശിവശക്തി ഹോളോബ്രിക്സ്&ഇന്റർലോക്ക് | 5 |
| 8 | അന്നമ്മ വർഗ്ഗീസ് പ്രെയിസ് ഹോളോബ്രിക്സ് 7/70 | |
| 9 | ഓറിയോൺ എക്സിം 5/73-79 | രേഖപ്പെടുത്തിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല |

മേൽ സ്ഥാപനങ്ങളിൽ പ്രവർത്തിയ്ക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 5/26-05-22 ന് മറുപടി ലഭ്യമാക്കിയില്ല.ലൈസൻസ് അപേക്ഷ സ്വീകരിയ്ക്കുമ്പോൾ അപേക്ഷയിൽ രേഖപ്പെടുത്തിയിരിയ്ക്കുന്ന ജീവനക്കാരുടെ എണ്ണത്തിനസരിച്ച് തൊഴിൽ നികുതി ഈടാക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-12 മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 18 അനുസരിച്ച് വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് കേ.പ.രാ ആക്ട് 232-ാം വകുപ്പ് പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കി നൽകുകയോ ചെയ്യുന്നതിന് പട്ടിക III ൽ പറഞ്ഞ തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ 2020-21 വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള ഫീസ് അപേക്ഷയ്ക്കൊപ്പം അറ്റാച്ച് ചെയ്തിരിയ്ക്കുന്ന ലൈസൻസിന്റെ പകർപ്പിൽ മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയതായി കാണുന്നില്ല. ഈടാക്കേണ്ടിയിരുന്ന ഫീസിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ/ സ്ഥാപനത്തിന്റ പേര് | അപേക്ഷയിൽ രേഖപ്പെടുത്തി യിരിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | ചുമത്താവുന്ന മോട്ടോർ ഫീസ് | ഈടാക്കിയ മോട്ടോർ ഫീസ് |
|---|---|---|---|---|
| 1 | വിദ്യാധരൻ ശാന്തി ഫ്ളവർ മിൽസ് 15/265 | 10 | 100 | 0 |
| 2 | ഷാജഹാൻ.എം, ഷാദിൽ ഫ്ളവർമിൽ 11/570 | 10 HP | 100 | 0 |
| 3 | അനിതകുമാരി, ആതിര ഹോളോബ്രിക്സ്,7/28 | 12 HP | 200 | 0 |
| 4 | ജിൻസി ബിജു, A&A കോൺക്രീറ്റ് മിക്സ് 6/735 | 55 HP | 1000 | 0 |
| 5 | നൗഷാദ് കുറ്റിവിളയിൽ ഹോളോബ്രിക്സ്, | 11 Hp | 200 | 0 |
| 6 | അന്നമ്മ വർഗ്ഗീസ് പ്രെയിസ് ഹോളോബ്രിക്സ് 7/70 | 10HP | 100 | 0 |
| ആകെ | | | 1100 | |

മേൽ സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 6/26-05-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 ഷോപ്പിംഗ് കോംപ്ളക്സുകളിൽ നിന്നും വാടക ഈടാക്കുന്നില്ല-112859/-രൂപ വരവ് നഷ്ടം

1) പാലമേൽ ഗ്രാമപഞ്ചായത്ത് 2020-21 വർഷം വാടകയ്ക്ക് കൊടുത്തിരിക്കുന്ന ഷോപ്പിംഗ് കോംപ്ളക്സ്കളിലെ താഴെപ്പറയുന്ന മുറികളിൽ നിന്നും വാടക ഈടാക്കിയതായി കാണുന്നില്ല. വിശദവിവരങ്ങൾ ചുവടെ

2020-21 വാടക കുടിശ്ശിക വിവരങ്ങൾ

| ക്രമ നം | പേര് മേൽവിലാസം | ഷോപ്പ് നം | വാടക നിരക്ക് | അടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 1 | മുഹമ്മദാലി മുഹമ്മദ് മൻസിൽ പറക്കോട് | 21(19/463) | 7415X6 | 44490 |
| 2 | കെ.എസ്.ഇ.ബി | 10 | 5283X11 | 58113 |
| 3 | സുരൻ ,പണിതടത്തിൽ | 15/16 | 1342X1 | 1342 |
| 4 | ഷാഹുൽ ഹമീദ് | 23 | 734X3 | 2202 |
| 5 | ലൈലബീവി ,പനയ്ക്കലത്ത് | 26 | 550x3 | 1650 |
| 6 | ശശികുമാർ,കരുണാലയം | 27 | 1687x3 | 5061 |
| ആകെ കുടിശ്ശിക | | | | 112858 |

മേൽ വാടകകുടിശ്ശിക വരുത്തിയവരിൽ നിന്നും വാടക കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ

ഹാജരാക്കാനും ഇവരുമായി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കാനും വാടക കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 2/25-05-22 /20-21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും വാടകകുടിശ്ശിക പലിശ സഹിതം ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-14 വാടക- കേസ് വിവരങ്ങൾ ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ സഹകരണ സ്റ്റോർ ആരംഭിക്കുന്നതിനായി കമ്മറ്റി തീരുമാനപ്രകാരം ഒഴിപ്പിക്കൽ നോട്ടീസ് നൽകിയ തുടർന്ന് ഷാജി, തെറ്റിക്കുഴി തെക്കേതിൽ (ആദിക്കാട്ടുകുളങ്ങര റൂം നം-28), ഹനീഫ, ഹൻസാ മൻസിൽ(ആദിക്കാട്ടുകുളങ്ങര റൂം നം.29) എന്നിവർ മാവേലിക്കര സബ് കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതാണ് (കേസ് നം 190/20&192/20). ടി വ്യക്തികളിൽ നിന്നും വാടക ഈടാക്കുന്നുണ്ടോ, മേൽ മുറികളിൽ ടി വ്യക്തികളുടെ സ്ഥാപനങ്ങൾ ഇപ്പോൾ പ്രവർത്തിയ്ക്കുന്നുണ്ടോ. കേസ്സിന്റെ നിലവിലുള്ള സ്ഥിതി എന്താണെന്ന് ഓഡിറ്റിൽ വ്യക്തമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 7/26-05-22 ന് മറുപടി ലഭ്യമാക്കിയില്ല. കേസിന്റെ പുരോഗതി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് 2020-21 വർഷങ്ങളിൽ ഇ-ടെന്റർ മുഖേന നടപ്പാക്കിയ 34 മരാമത്ത് പ്രവർത്തികളുടെ ടെന്റർ ഫീസിനത്തിൽ 64482 രൂപ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിലേക്ക് ഒടുക്കു വരുത്തിയതായും പ്രസ്തുത അക്കൌണ്ടിൽ ഓൺലൈനായി ഒടുക്കിയ തുക ഇതേ വരെയും തിരികെ ലഭിച്ചിട്ടില്ല എന്നമാണ് അസി.എഞ്ചിനീയർ റിപ്പോർട്ട് ചെയ്തത്.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017-ലെ ഡി.ബി.1/7942/2010/സി.ഇ/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും (ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പ് മേധാവികൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖയിൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കണമെന്ന് നിർദേശിച്ചിട്ടുണ്ടെങ്കിലും ഇതേ വരെ നടപടികൾ സ്വീകരിച്ചിട്ടില്ല. നിർദ്ദേശാനുസരണം അക്കൗണ്ട് ആരംഭിക്കേണ്ടതും 2015-16 വർഷം മുതൽ നാളിതുവരെ ഒടുക്കിയ തുകകൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16 ആസ്തി രജിസ്റ്റർ കൃത്യമായി പരിപാലിക്കപ്പെടുന്നില്ല

ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്തിട്ടുണ്ടെങ്കിലും പുതിയതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ഉൾപ്പെടുത്തുന്നില്ല. നിലവിലുള്ള ആസ്തികളിൽ മെയിന്റനൻസുകൾ നടത്തുന്നുണ്ടെങ്കിലും ആ വിവരം രേഖപ്പെടുത്തുന്നില്ല. അങ്കണവാടി കെട്ടിടങ്ങൾ, പി.എച്ച്.സി സബ്സെന്റർ കെട്ടിടം, ഗ്രാമപഞ്ചായത്ത് ഓഫീസിൽ സ്ത്രീസൗഹൃദ കെട്ടിടം, എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് ഉൾപ്പെടെ ധാരാളം നിർമ്മാണങ്ങൾ നടത്തുന്നുണ്ടെങ്കിലും അതൊന്നും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടെ ധാരാളം റോഡ് കോൺക്രീറ്റിംഗ് നടത്തുന്നുണ്ടെങ്കിലും ഈ റോഡുകളൊന്നും തന്നെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല.

ഉദാ: പഞ്ചായത്ത് ജനറൽ കമ്മറ്റിയുടെ 22.05.20 ലെ തീരുമാനം. നം.7-1 പ്രകാരം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ റോഡുകൾ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്.

പുതുപുരയ്ക്കൽ കുറ്റിയിൽ റോഡ് കോൺക്രീറ്റിംഗ്, നടയിൽ കിഴക്ക് പണയിൽ ക്ഷേത്രം ഗ്രാവൽ റോഡ്, മറുതാവിള കുരുന്നാവിള റോഡ്, നെടിയറ ഗ്രാനവൽ റോഡ്, മീനത്തെ റോഡ്, നെടിയപറമ്പിൽ റോഡ് ഗ്രാവൽ റോഡ്

ഇപ്രകാരം പല തീയതിൽ തീരുമാനം എടുക്കുന്നുണ്ടെങ്കിലും, ഇവയൊന്നും തന്നെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(25/30.05.22) മറുപടി ഹാജരാക്കിയില്ല. ആസ്തി രജിസ്റ്റർ കൃത്യമായി പരിപാലിക്കപ്പെടേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 പ്രൊക്യുയർമെന്റ് കമ്മിറ്റി കൂടുന്നില്ല

പ്രൊക്വയർമെന്റ് കമ്മിറ്റി തീരുമാനത്തിന്റെയും ശുപാർശയുടെയും അടിസ്ഥാനത്തിൽ വാങ്ങൽ പ്രക്രിയ നടത്തണമെന്ന സ്റ്റോർസ് പർചേസ് മാന്വലിലെ വ്യവസ്ഥ പാലിക്കാതെയാണ് പഞ്ചായത്തിൽ വിവിധ ഇനം വാങ്ങലുകൾ നടത്തിയിട്ടുള്ളത്. അപ്രകാരമുള്ള ഒരു കമ്മിറ്റി നിലവിൽ പ്രവർത്തിക്കുന്നില്ല. ഇതു സംബന്ധമായ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9/27.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 സാമൂഹ്യപെൻഷൻ-അപാകതകൾ സംബന്ധിച്ച്

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ പാലമേൽ പഞ്ചായത്തിലെ സാമൂഹ്യപെൻഷൻ സംബന്ധിച്ച വിതരണ രേഖകളും സേവന സോഫ്റ്റ് വെയറും, പഞ്ചായത്തിലെ മരണറിപ്പോർട്ടും പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന ഗുണഭോക്താക്കൾ മരണപ്പെട്ടശേഷവും അവർക്ക് പെൻഷൻ വിതരണം ചെയ്തതായി കാണുന്നു. വിശദവിവരങ്ങൾ ചുവടെ.

| ക്രമ നം | പെൻഷൻ ഐഡി നം | പെൻഷൻ തരം | ഗുണഭോക്താവിന്റെ പേര് | മരണം രജിസ്റ്റർ ചെയ്ത തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 104910200509 | (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | കാർത്യായനി | 29/12/19 | 01/2020 മുതൽ 05/2022 വരെ | 28400 | സേവന പെൻഷനിൽ Deceased ആയി കാണിച്ചിട്ടുണ്ടെങ്കിലും പെൻഷൻ സസ്പെൻഡ് ചെയ്യപ്പെട്ടിട്ടില്ല സേവനയിൽ പെൻഷൻ സ്റ്റാറ്റസ് ആക്ടീവാണ് |
| 2 | 104910200222 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | ശിവരാമൻ പിള്ള | 21/12/2019 | 01/2020 മുതൽ 05/2022 വരെ | 46400 | സേവന പെൻഷനിൽ Deceased ആയി കാണിച്ചിട്ടുണ്ടെങ്കിലും പെൻഷൻ സസ്പെൻഡ് ചെയ്യപ്പെട്ടിട്ടില്ല സേവനയിൽ പെൻഷൻ സ്റ്റാറ്റസ് ആക്ടീവാണ് |
| 3 | 104910200760 | ഇന്ദിരാ ഗാന്ധി | ജോർജ് | 20/03/2019 | 04/2019 മുതൽ | 40400 | സേവന പെൻഷനിൽ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ദേശീയ വാർദ്ധക്യ കാല പെൻഷൻ | | | 05/2022 വരെ | | Deceased ആയി കാണിച്ചിട്ടു ണ്ടെങ്കിലും പെൻഷൻ സസ്പെൻഡ് ചെയ്യപ്പെ ട്ടിട്ടില്ല സേവനയിൽ പെൻഷൻ സ്റ്റാറ്റസ് ആക്ടീവാണ് |

അപേക്ഷകരുടെ മരണ വിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടും തുടർന്നുള്ള മാസങ്ങളിലും ഇവർക്ക് പെൻഷൻ നല്കുന്നുണ്ട്. ഗുണഭോക്താക്കൾ മരണപ്പെട്ടശേഷവും അവരുടെ അക്കൌണ്ടിൽ പെൻഷൻ തുക ക്രഡിറ്റ് ചെയ്യപ്പെടുന്ന സാഹചര്യങ്ങൾ ഒഴിവാക്കാനായി മരണപ്പെട്ടവരെയും അനർഹരെയും ഒഴിവാക്കുന്ന നടപടികൾ സംബന്ധിച്ച് ധനവകുപ്പ് സ.ഉ (എം.എസ്) നം.-97/2020 തീയതി 23/09/2020, 5/11/20 ലെ സർക്കുലർ നം.67/2020/ധന എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി ഉത്തരവുകളൊന്നും പഞ്ചായത്തിൽ പാലിയ്ക്കപ്പെടുന്നില്ല. ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഓഡിറ്റ് കണ്ടെത്തിയ ഗുണഭോക്താക്കൾ മരണം പാലമേൽ പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവർ മാത്രമാണ്. മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല.പഞ്ചായത്തിലെ മുഴുവൻ സാമൂഹ്യപെൻഷനുകളും പരിശോധിച്ചാൽ മാത്രമേ യഥാർത്ഥ നഷ്ടം എത്രയാണെന്ന് നിജപ്പെടുത്തുവാൻ സാധിയ്ക്കുകയുള്ളൂ. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (28/31-05-22) മറുപടി ലഭ്യമാക്കിയിട്ടില്ല. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതുമാണ് .പഞ്ചായത്ത് ഭരണസമിതിയുടേയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതുണ്ട്.

## 1-19 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ 2012 മുതൽ വിവിധ ഇനം ഡെപ്പോസിറ്റുകളിലായി 86250/- രൂപ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടാതെ അവശേഷിക്കുന്നുണ്ട്.ഇതു സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഡെപ്പോസിറ്റ് ഇനം | കാലയളവ് | മുതൽക്കൂട്ടേണ്ട തുക |
|---|---|---|---|
| 1 | കോൺട്രാക്ടേഴ്സ് ഇഎംഡി | 2012-13 | 4850 |
| 2 | ,, | 2015-16 | 2000 |
| 3 | ,, | 2016-17 | 14860 |
| 4 | ബിഡ്ഡേഴ്സ് ഇഎംഡി | 2012-13 | 6950 |
| 5 | ,, | 2013-14 | 6350 |
| 6 | ,, | 2014-15 | 1700 |
| 7 | ,, | 2016-17 | 8000 |
| 9 | സപ്ളയേഴ്സ് ഇ എം ഡി | 2016-17 | 27340 |
| 10 | ,, | 2017-18 | 14200 |
| | ആകെ | | 86250 |

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 57 ബി അനുസരിച്ച് മൂന്നു വർഷത്തിലേറെയായി കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേയ്ക്ക് മുതൽക്കൂട്ടണമെന്ന വ്യവസ്ഥ നിലവിലുള്ളപ്പോഴാണ് ഇപ്രകാരമുള്ള അവസ്ഥ നിലനിൽക്കുന്നത്.ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 23/29.05.2022) ടി തുകകൾ ഉടൻതന്നെ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുൽക്കൂട്ടുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ അടിയന്തിര

നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 ദിവസവേതനാടിസ്ഥാനത്തിൽ ദീർഘകാലമായി തുടരുന്ന

പാലമേൽ ഗ്രാമപഞ്ചായത്തിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ ശ്രീ.രഞ്ജു. ആർ ദിവസ വേതനാടിസ്ഥാനത്തിൽ 2018 ഓഗസ്റ്റ് മാസം മുതൽ തുടരുന്നുണ്ട്. ഏതെങ്കിലും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലല്ല ഈ നിയമനം നടത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.26/31.05.2022) പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത നിയമനമെന്നും പഞ്ചായത്തിൽ വലിയ ജോലിഭാരമായതിനാൽ ഒരു ക്ലർക്കിനെയും സീനിയർ ക്ലർക്കിനെയും അനുവദിക്കണമെന്ന കാണിച്ച് പഞ്ചായത്ത് കമ്മിറ്റി സർക്കാരിലേയ്ക്ക് ശുപാർശ നല്കിയിട്ടുണ്ടെന്നുമുള്ള മറുപടിയാണ് സെക്രട്ടറി നൽകിയിട്ടുള്ളത്. സർക്കാർ ഉത്തരവിന്റെ പിൻബലമില്ലാതെ ഈ നിയമനം നടത്തുകയും ദീർഘകാലമായി തുടരാൻ അനുവദിക്കുകയും ചെയ്യുന്നത് താല്ക്കാലിക ജീവനക്കാരുടെ നിയമനം സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ ലംഘനമാണ്. ഇക്കാര്യത്തിൽ ആവശ്യമായ പരിശോധനകൾ നടത്തി തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-21 ഗുണഭോക്താവ് മരിച്ച ശേഷം കട്ടിൽ വിതരണം-4350/-രൂപ നഷ്ടം

പ്രോജക്ട് നം SO97/20

അടങ്കൽ തുക -695000(പൊതുവിഭാഗം സാധാരണവിഹിതം)

710050/- തനത് ഫണ്ട്

ചെലവ് -8,56,901

ട്രഷറി ബിൽ നം 14/20-12-20 = 52200/-

15/20-12-20 = 3,91,500/-

16/20-12-20 - 2,51,300 /-

1,61,901 /-, തനത് ഫണ്ട്

പാലമേൽ ഗ്രാമപഞ്ചായത്തിൽ ICDS സൂപ്പർവൈസർ നടപ്പാക്കിയ വൃദ്ധർക്ക് കട്ടിൽ വാങ്ങൽ എന്ന പദ്ധതി പ്രകാരം 4350 രൂപ നിരക്കിൽ 197 കട്ടിലുകൾ ആർട്ട്കോ യിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകത ചുവടെ ചേർക്കുന്നു

പഞ്ചായത്തിലെ മരണ-ജനന രജിസ്ട്രേഷൻ സോഫ്റ്റ് വെയറായ സേവന പരിശോധിച്ചതിൽ നിന്നും പദ്ധതി ഗുണഭോക്താവായ കാർത്ത്യായനി, സോമാലയം, ഉളവുകാട് 16/12/20 ൽ മരണപ്പെട്ടതായി കാണുന്നു,(ഡെത്ത് രജിസ്ട്രേഷൻ നം 221/2020, ഡെത്ത് തീയതി 29/12/20). എന്നാൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ നിന്നും ടി ഗുണഭോക്താവിന് കട്ടിൽ നൽകിയതായി കാണുന്നു, ബന്ധപ്പെട്ട കൈപ്പറ്റ് രജിസ്റ്ററിൽ പേജ് നം 5,ക്രമ നം 21 പ്രകാരം കട്ടിൽ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ടി കൈപ്പറ്റ് രജിസ്റ്ററിൽ കട്ടിൽ വിതരണം ചെയ്ത തീയതി രേഖപ്പെടുത്തിയില്ല. മരണപ്പെട്ട വ്യക്തിയുടെ പേരിൽ നൽകിയ വിതരണ രേഖയിൽ മകനായ സോമനാണ് കട്ടിൽ കൈപ്പറ്റിയിരിയ്ക്കുന്നത്. മേൽ അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 21/28-05-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താവ് മരിച്ചതിനാൽ മറ്റൊരു ഗുണഭോക്താവിനെ കണ്ടെത്തി കട്ടിൽ നല്കാമായിരുന്നതാണ്. ടി ഗുണഭോക്താവിന് കട്ടിൽ നൽകിയതിന് ചെലവായ 4350/-രൂപ ഓഡിറ്റൽ നിരാകരിയ്ക്കുന്നു. ടി തുക ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-22 പദ്ധതികൾ ലക്ഷ്യം കൈവരിച്ചിട്ടില്ല

2020-21 ൽ സെക്രട്ടറി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികൾ ലക്ഷ്യം കൈവരിച്ചിട്ടില്ല .

1 . പ്രോജക്ട്നം ./പേര് .99/പട്ടിക വർഗ്ഗ കുടുംബങ്ങളിലേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ

അടങ്കൽ/ചെലവ് . 45600 (ടി.എസ്.പി ഫണ്ട് ) ബിൽ നം.11/20-21/30.10.2020

245400 ( തനതു ഫണ്ട് ) ചെക്ക് നം .0565735/30.10.2020

കേരള വാട്ടർ അതോറിറ്റിയുടെ KWA/PHA/D4/1056/2010-20/17.03.2020 നമ്പർ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മുതുകാട്ടുകര, ഫാക്ടറി വാർഡുകളിലെ പട്ടിക വർഗ്ഗ കുടുംബങ്ങളിലേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി 291000/-രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും തമ്മിൽ ഏർപ്പെട്ട കരാറിലെ 5-ം

നമ്പർ വ്യവസ്ഥ പ്രകാരം മുഴുവൻ തുകയും ലഭിച്ച് 3 മാസത്തിനകം വാട്ടർ അതോറിറ്റി പണി പൂർത്തീകരിക്കണമെന്നും 6-ം നമ്പർ വ്യവസ്ഥയിൽ പൂർത്തീകരണ സർട്ടിഫിക്കറ്റും വിനിയോഗ സാക്ഷ്യ പത്രവും ലഭ്യമാക്കണമെന്നും പറഞ്ഞിരിക്കുന്നു . എന്നാൽ ഫയലിൽ തുടർ നടപടികൾ സംബന്ധിച്ച വിവരം ലഭ്യമല്ല .

2 . പ്രോജക്ട്നം ./പേര്.113/പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ

അടങ്കൽ /ചെലവ് . 700000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ബിൽ നം.2/18.05.2020

കുടിവെള്ളം എല്ലാവർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച ഈ പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റി ആലപ്പുഴ പി.എച്ച് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ KWA/PHA/D4/5262/2019-20/03.01.2020 നമ്പർ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 700000രൂപ നിക്ഷേപിച്ചിരുന്നു. എന്നാൽ പദ്ധതിയുടെ നടത്തിപ്പും പൂർത്തീകരണവും വ്യവസ്ഥ ചെയ്യുന്ന കരാർ നിർവ്വഹണ ഉദ്യോഗസ്ഥനും നിക്ഷേപ സ്ഥാപനവും തമ്മിൽ ഏർപ്പെട്ടിട്ടില്ല. പദ്ധതി പൂർത്തീകരിച്ചതിന്റെയോ തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രമോ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.4/20-21/25.05.22 ന് മറുപടി ലഭ്യമാക്കിയില്ല. നിക്ഷേപ പ്രവൃത്തികൾ ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ അവയ്ക്കായി ചെലവഴിച്ച 991000/- (291000+700000) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

അടിസ്ഥാന സൗകര്യ മേഖലയിലെ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ് .

## 1-23 ഭവന പുനരുദ്ധാരണത്തിനായുള്ള തുക സി.ഡി.എസ് -ൽ നിക്ഷേപമായി തുടരുന്നു

പ്രോജക്ട് നം./പേര് .11/അഗതി രഹിത കേരളം വീട് മെയിന്റനൻസ്

അടങ്കൽ /ചെലവ് .500000

ബിൽ നം.10/07.09.2020

2020-21 ൽ അസി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി സി.ഡി.എസ് മുഖേന നടപ്പാക്കിയ ഭവന പുനരുദ്ധരണം (എസ്.സി) എന്ന പദ്ധതിക്കായി ഇൻഡ്യൻ ഓവർസീസ് ബാങ്കിലുള്ള കുടുംബശ്രീ അക്കൗണ്ടിലേക്ക് 500000/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവിന് ഒരു ലക്ഷം രൂപ എന്ന് കണക്കാക്കിയാണ് 500000/- രൂപ നിക്ഷേപിച്ചത്. എന്നാൽ തൻ വർഷമോ തുടർന്നോ ഈ പദ്ധതിയുടെ ആനുകൂല്യം ഒരു ഗുണഭോക്താവിനു പോലും ലഭിച്ചിട്ടില്ല.

അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് സി.ഡി.എസ് ന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. പഞ്ചായത്തിന്റെ അഗതി ആശ്രയ/അഗതി രഹിത കേരളം ലിസ്റ്റിൽ എസ്.സി വിഭാഗത്തിൽ ഉൾപ്പെട്ട അർഹരായ നിരവധി ഗുണഭോക്താക്കൾ അവശേഷിക്കുമ്പോഴും ആർക്കും ആനുകൂല്യം നല്കാതെ തുക നിക്ഷേപമായി മാത്രം നിലനിർത്തിയതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം.നം.15 /20-21/ 27.05.22 ന് നാലു ഗുണഭോക്താക്കൾ മാത്രമേ ഗുണഭോക്തൃ ലിസ്റ്റിൽ ഇടം പിടിച്ചുള്ളുവെന്നും കോവിഡ് മഹാമാരി കാരണം ഇവർക്ക് കരാർ വയ്ക്കുവാൻ സാധിച്ചില്ല എന്നും നിലവിൽ വാർഡു തല എ.ഡി.എസ് മുഖേന കരാർ വയ്പ്പിച്ച് ഭവന പുനരുദ്ധാരണത്തിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് മറുപടി നല്കി.

പ്രവർത്തിയുടെ പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ് .

## 1-24 കുഴിയത്ത് റോഡ് ടാറിംഗ് - കരാറുകാരന്റെ ഇ.എം.ഡി കണ്ടുകെട്ടിയില്ല - പഞ്ചായത്ത് കമ്മറ്റി തീരുമാനം ഇതേ വരെയും നടപ്പിലാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട കുഴിയത്ത് റോഡ് ടാറിംഗ് എന്ന പ്രവൃത്തിക്കായി ശ്രീ.വിനോദ് കുമാർ.ബി, കൃഷ്ണ നിവാസ് എന്ന വ്യക്തിയുടെ ക്വട്ടേഷനാണ് അംഗീകരിച്ചത്. 11.02.20 ലെ 1(1) നം. പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരം ക്വട്ടേഷൻ അംഗീകരിച്ചത്. ഈ കരാറുകാരൻ നാളിതുവരെ കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടില്ലാത്തതിനാൽ ഇദ്ദേഹത്തിന്റെ ഇ.എം.ഡി പഞ്ചായത്തിലേക്ക് കണ്ടുകെട്ടുന്നതിനും ടിയാനെ ഈ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കുന്നതിനും ഭരണസമിതിയുടെ 03.11.20 ലെ 2(1) നം പ്രകാരം തീരുമാനിച്ചു. എന്നാൽ തുക കണ്ടുകെട്ടുന്നതിന് യാതൊരു നടപടിയും പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(13/27.05.22) യാതൊരു മറുപടിയും ലഭിച്ചിട്ടില്ല. അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 ബഡ്സ് സ്കൂൾ ചുറ്റുമതിൽ പൂർത്തീകരണം , S067/21- നിലവിൽ ചെയ്ത പ്രവൃത്തിക്കായി വീണ്ടും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി തുക പിൻവലിച്ചു.

കരാർ നം -02/AE/20-21/19.08.20

കരാറുകാരൻ - മുരളീധരൻ ആചാരി

എം ബുക്ക് നം- 298/20-21

315377/-FCA, ബിൽ നം.45/08.03.21

ബഡ്സ് സ്കൂൾ നിർമ്മാണവുമായി ബന്ധപ്പെട്ട് തൻവർഷം സ്പിൽ ഓവർ വർക്കുകളുൾപ്പെടെ 3 പ്രവൃത്തികൾക്കാണ് തുക ചെലവഴിച്ചത്. ബഡ്സ് സ്കൂൾ ചുറ്റമതിൽ പൂർത്തീകരണം എന്ന പ്രവൃത്തിയിൽ ചുറ്റുമതിലിന്റെ പൂർത്തീകരണം, ബഡ്സ് സ്കൂൾ ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെയുള്ള വർക്കുകൾക്കാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. അപാകതകൾ .

1)ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം - പൂർത്തീകരണം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്ത 1:2:4 കോൺക്രീറ്റിംഗ് (എം ബുക്ക് 223/18-19, പേജ് നം. 7/24.02.20), ഈ പ്രവൃത്തിയിലും ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു(എം ബുക്ക് 298/20-21, പേജ് നം. 1/07.10.20).

ഇനം. 2, Over Existing DR, 1x22.60x0.50x0.05 = 0.565

1x4.30x0.50x0.05 = 0.107

Over Ramp, 1x3.80x3.95x0.05 = 0.750

ആകെ 1.422 M3 @7550 = 11098

ആദ്യ പ്രവൃത്തിയിൽ DR വർക്ക് ചെയ്തിരിക്കുന്നത് താഴെ പറയും പ്രകാരമാണ്.

For Compound Wall, 21.35x0.50x0.50= 5.33

Ramp , 1x2x3.20x0.50x(0.5+0)/2 =0.80

ചുറ്റിമതിൽ, റാംപ് എന്നിവയ്ക്കായി യഥാക്രമം 21.35, 3.20 മീറ്റർ നീളത്തിലാണ് എർത്ത് വർക്ക് എസ്കവേഷൻ, ഡി.ആർ എന്നിവ ചെയ്തത് എന്നിരിക്കെ അതിലും അധികരിച്ച അളവിൽ ഡി.ആറിന് മുകളിൽ കോൺക്രീറ്റിംഗ് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. തന്നെയുമല്ല മുൻപ് ചെയ്ത പ്രവൃത്തിയിൽ തന്നെ ഈ ഇനത്തിന് തുക അനുവദിക്കുകയും ചെയ്തിരുന്നു. ആയതിനാൽ 1.422 M3 @7550 = 11098 രൂപ അധികമായി ചെലവഴിച്ചു.

2)ഇലക്ട്രിഫിക്കേഷന് തുക വകയിരുത്തിയിരുന്നെങ്കിലും എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങിയതായി കാണുന്നില്ല. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(10/27.05.22) മറുപടി ലഭ്യമാക്കിയില്ല. കരാറുകാരന് അധികമായി അനുവദിച്ച തുക കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് കെട്ടിടം പ്രവർത്തനക്ഷമമാക്കേണ്ടതുമാണ്.

## 1-26 ഗ്രാമപഞ്ചായത്ത് ഓഫീസിൽ വനിതാ സൗഹാർദ്ദമുറി - നിഷ്ക്രിയാസ്തിയായി മാറി

കരാർ നം - 41/AE/2017-18/19.03.18

പി.എ.സി-556876

കരാറുകാരൻ - അജിത്ത്, മലയിൽ പുത്തൻവീട്

ഗ്രാമപഞ്ചായത്ത് ഓഫീസിൽ വനിതാ സൗഹാർദ്ദമുറി എന്ന പദ്ധതിക്കായി 2019-20, 20-21 വർഷങ്ങളിലായി 545444 (489816+55628) രൂപ ചെലവഴിച്ചു.

489816/-ബിൽ നം. 40/31.01.20

55628/-ബിൽ നം. 22/26.05.20

ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെ 625000 രൂപയായിരുന്നു അടങ്കൽ. അപാകതകൾ താഴെ കൊടുക്കുന്നു.

1)ഈ പ്രവൃത്തിക്കായി കരാർ ചമച്ച് സൈറ്റ് കൈമാറിയത് 19.03.18 ലാണ്. 6 മാസമായിരുന്നു പൂർത്തീകരണ കാലയളവ്. 29.01.2019 ൽ എസ്റ്റിമേറ്റ് പുതുക്കിയിട്ടുണ്ട്. എന്നാൽ പൂർത്തീകരിച്ചതാവട്ടെ എസ്റ്റിമേറ്റ് പുതുക്കി ഒര് വർഷത്തിന് ശേഷം, 20.01.20 ൽ. ആകെ മൂല്യമായ 545444 രൂപയിൽ നിന്നും 1% 5455, മാത്രമാണ് പിഴയായി ഈടാക്കിയിട്ടുള്ളത്. കാലാവധി ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷ നൽകുകയോ അതിന്റെ അടിസ്ഥാനത്തിൽ പിഴ ഈടാക്കി

കാലയളവ് ദീർഘിപ്പിക്കുകയോ ചെയ്തിട്ടില്ല. സപ്ലിമെന്ററി കരാർ ചമച്ചിട്ടുമില്ല. PWD മാനവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ കാലാവധി ദീർഘിപ്പിക്കുന്നതിന് PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹.2000/-, പരമാവധി ₹.100000/-) പരമാവധി 50% വരെ പിഴ ഈടാക്കി കാലാവധി ദീർഘിപ്പിക്കാവുന്നതാണ്.

PWD മാനവൽ സെക്ഷൻ 2112 യിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ശേഷം ആകെ മൂല്യത്തിന്റെ 1% തുകയായ 5455 രൂപ മാത്രമാണ് പിഴയായി കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടുള്ളൂ. പി.എ.സി യുടെ 3% തുകയാണ്(3% Of 556876 =16706) കുറവ് ചെയ്യേണ്ടത് എന്നിരിക്കെ കുറവ് ചെയ്തത് 5455 രൂപ മാത്രം.

2)ഈ പ്രവൃത്തിക്കായി മൂന്ന് എം ബുക്കുകളിലായാണ്(320, 322, 353/18-19) അളവ് രേഖപ്പെടുത്തിയിട്ടുള്ളത്. എം ബുക്ക് നം. 322/18-19 ഓഡിറ്റിന് ഹാജരാക്കിയില്ല.

3)ഇലക്ട്രിഫിക്കേഷൻ ഒഴിവാക്കിയാണ് RE തയ്യാറാക്കിയിട്ടുള്ളത്. ഇലക്ട്രിഫിക്കേഷൻ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമല്ല.

4)നിലവിൽ ഈ കെട്ടിടത്തിന്റെ ഉപയോഗം എന്താണെന്ന് വ്യക്തമല്ല. സ്ഥലപരിശോധന നടത്തിയതിൽ, പഞ്ചായത്ത് ഓഫീസ് പരിസരത്ത് പുറകിലായി ആരുടേയും ശ്രദ്ധയിൽപെടാത്ത രീതിയിൽ നിഷ്ക്രിയ ആസ്തിയായി നിലിൽക്കുന്നതായി കാണുന്നു.

മേൽ പറഞ്ഞ വിഷയങ്ങളിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(19/27.05.22) മറുപടി ഹാജരാക്കിയില്ല. കെട്ടിടം ഉപയോഗപ്രദമാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ,210/20-21- ഡിസ്മാന്റിൽ ചെയ്ത സാധനങ്ങളുടെ പുനരുപയോഗം വ്യക്തമല്ല.

എം ബുക്ക് നം.217/18-19,276/20-21

കരാറുകാരൻ - ആകർഷ് കുമാർ

കരാർ നം. 08/AE/20-21/10.08.20

320671 , ചെക്ക് നം. 0565754/18.01.21

കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ നിർമ്മാണം, കെട്ടിടം പൂർവ്വസ്ഥിതിയിലാക്കൽ എന്നിവയ്ക്കാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 13.07.20 ലെ 1364/20 നം ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി ഏറ്റെടുത്തത്. പാലമേൽ ഗ്രാമപഞ്ചായത്തിലെ എ.വി.എം ഓഡിറ്റോറിയത്തിലാണ് ഇപ്രകാരം നിർമ്മാണം നടത്തിയത്.

Providing And Fixing 6mm Thick Prelaminated Particles, Aluminium Works, Pvc Septic Tank, Steel Work എന്നിവയാണ് ചെയ്തത്. പി.വി.സി സെപ്റ്റിക് ടാങ്കും സ്ഥാപിച്ചിരുന്നു. കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ നിർമ്മിക്കുന്നതിനായി തനത് ഫണ്ടിൽ നിന്നും 320671 രൂപ 20-21 ലും കെട്ടിടം പൂർവ്വസ്ഥിതിയിലാക്കുന്നതിനായി 5008രൂപ 2021-22 ലും ചെലവഴിച്ചു. അപാകതകൾ.

1. എം ബുക്കിലെ രേഖപ്പെടുത്തൽ പ്രകാരം കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ നിർമ്മാണം പൂർത്തീകരിച്ചത് 30.12.20 ലും കെട്ടിടം പൂർവ്വസ്ഥിതിയിലാക്കിയത് 04.06.21 ലുമാണ്.

2. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദ്ദേശാനുസരണം ഈ കാലളവിൽ സി.എഫ്.എൽ.റ്റി.സി നിർമ്മിച്ചെങ്കിലും പ്രവർത്തിച്ചിരുന്നില്ല.

3. 04.06.21 ൽ Dismantling Asbestos Or Other Hard Board Ceiling Or Partition Walls, 123.73m3 ചെയ്തിരുന്നു. എന്നാൽ പുനരുപയോഗം എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. സർവ്വെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുമില്ല.

സി.എഫ്.എൽ.റ്റി.സി പ്രവർത്തിപ്പിക്കാത്തതിന്റെ കാരണം, ഡിസ്മാന്റിൽ ചെയ്ത സാധനങ്ങളുടെ പുനരുപയോഗം എന്നിവ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/27.05.22)മറുപടി ഹാജരാക്കിയില്ല. ഡിസ്മാന്റിൽ ചെയ്ത സാധനങ്ങളുടെ പുനരുപയോഗം വ്യക്തമാക്കേണ്ടതാണ്.

## 1-28 പാലമേൽ ഗ്രാമപഞ്ചായത്തിൽ മെമ്പർമാർക്ക് കാബിൻ നിർമ്മാണം, So 250/19 - അംഗീകൃത പദ്ധതിയിൽ നിന്നും വ്യത്യസ്തമായ നിർവ്വഹണം

കരാർ നം. 46/AE/08.03.19

കൺവീനർ - മനു മോഹൻ

അടങ്കൽ - 49000/- തനത് ഫണ്ട്

ചെലവ് തുക - 47029/- , ചെക്ക് നം. 565721/12.08.20

പാലമേൽ ഗ്രാമപഞ്ചായത്തിൽ മെമ്പർമാർക്ക് കാബിൻ നിർമ്മാണം എന്ന പദ്ധതിയുടെ നിർവ്വഹണ രീതി, ടെണ്ടർ എന്ന രീതിയിലാണ് പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുള്ളത്. എന്നാൽ ഗുണഭോക്തൃ സമിതി ചെയ്തതായാണ് രേഖപ്പെടുത്തൽ. ഇത് തന്നെയുമല്ല, എം ബുക്ക് നം 344/18-19 പ്രകാരം 07.05.19 ലാണ് പ്രവൃത്തി പൂർത്തീകരിച്ചത്. എന്നാൽ 12.08.20 ലാണ് തുക പിൻവലിച്ചത്. ഇത്രയും വൈകി തുക ചെലവഴിക്കാനുണ്ടായ കാരണം വ്യക്തമല്ല.

ഗുണഭോക്തൃ സമിതിയുടെ രേഖയായി കരാർ മാത്രം. ഗുണഭോക്തൃ സമിതി മിനിറ്റ്സ് ബുക്ക്, വരവ്- ചെലവ് കണക്കുകൾ എന്നിവയൊന്നും സൂക്ഷിച്ചിട്ടില്ല. സംയുക്ത അക്കൗണ്ട് തുടങ്ങിയിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് ആവശ്യമായ വിശദീകരണം ലഭ്യമാക്കുക.

## 1-29 വിവിധ ടാറിംഗ് പ്രവൃത്തികൾ - കാലിവീപ്പയുടെ വിലയോടൊപ്പം ജി.എസ്.റ്റി ഈടാക്കിയിട്ടില്ല.

തൻവർഷം നടപ്പിലാക്കിയ റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയായി 238 രൂപയാണ് ഈടാക്കിയിട്ടുള്ളത്. ടാർ വീപ്പയുടെ വിലയോടൊപ്പം 18% ജി.എസ്സ്.ടി കൂടി ഉൾപ്പെടുത്തി വീപ്പയൊന്നിന് 281 രൂപ നിരക്കിൽ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതിന് പകരം 238 രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്.

ഉദാ: ശാസ്താമംഗലത്ത് മുക്ക് - കുറ്റിവേലിൽതറ ഏല റോഡ് പുനരുദ്ധാരണം,deduct Empty Barel, 12 Ns@238/E = 2856

കാലിവീപ്പയുടെ വിലയോടൊപ്പം ജി.എസ്.റ്റി ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് - പ്രവർത്തനം ആരംഭിച്ചിട്ടില്ല

കരാർ നം.42/AE/22.02.19

കരാറുകാരൻ - ആകർഷ് കുമാർ .പി

പി.എ.സി- 1236194.80

M Book No.2010/18-19, 346/18-19

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ 5 എൽ.പി. സ്കൂളുകളിൽ എയ്റോബിക് കമ്പോസ്റ്റ് ബിന്നുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്(ഗവ.എൽ പി എസ്, പയ്യനല്ലൂർ, ഗവ.എൽ പി എസ്, കുടശനാട്, SVHS,കുടശനാട്, ഗവ.എൽ പി എസ്, പള്ളിക്കൽ, ഗവ.എൽ പി എസ്,എരുമക്കുഴി). ഇതിനായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചു.

559030/-ചെക്ക് നം. 565707/09.06.20

625000/- ബിൽ നം. 36/19.11.20

5 എൽ.പി. സ്കൂളുകളിൽ എയ്റോബിക് കമ്പോസ്റ്റ് ബിന്നുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. എം ബുക്ക് പരിശോധിച്ചതിൽ 4 സ്കൂളുകളിൽ മാത്രമാണ് ബിന്നുകൾ സ്ഥാപിച്ചതെന്ന് കണ്ടു. ഏതെല്ലാം സ്കൂളുകളിലാണ് സ്ഥാപിച്ചത് എന്ന് വ്യക്തമല്ല. സ്കൂളുകളുമായി കരാർ ചമച്ചിട്ടില്ല. യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല

6 മാസമായിരുന്നു ഈ പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ്. എന്നാൽ 22.02.19ൽ കരാർ ചമച്ച പ്രവൃത്തി പൂർത്തീകരിച്ചതാവട്ടെ 20.03.20 ലും. കരാർ ചമച്ച് ഒര് വർഷത്തിന് ശേഷമാണ് പ്രവൃത്തി പൂർത്തീകരിച്ചത്.

പി.എ.സി യുടെ അടിസ്ഥാനത്തിലാണ് പിഴ ഈടാക്കേണ്ടത് എന്നിരിക്കെ ആകെ മൂല്യത്തിന്റെ 1% മാത്രമാണ് (ആകെ മൂല്യമായ 1184030ന്റെ 1%, 11840രൂപ )പിഴയായി ഈടാക്കിയിട്ടുള്ളത്. കാലാവധി ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷ നൽകുകയോ അതിന്റെ അടിസ്ഥാനത്തിൽ പിഴ ഈടാക്കി കാലയളവ് ദീർഘിപ്പിക്കുകയോ ചെയ്തിട്ടില്ല. സപ്ലിമെന്ററി കരാർ ചമച്ചിട്ടുമില്ല. പി.എ.സി യുടെ 3% തുകയാണ്( 3% Of 1236194.80 = 37086)കുറവ് ചെയ്യേണ്ടത് എന്നിരിക്കെ കുറവ് ചെയ്തത് 11840 രൂപ മാത്രം.

മേൽ പറഞ്ഞ അപാകതകൾക്ക്(30/31.05.22) വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ഹാജരാക്കിയില്ല. കരാറുകാരനിൽ നിന്നും കുറവായി ഈടാക്കിയ പിഴ ഈടാക്കേണ്ടതും എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-31 പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കപ്പെടുന്നില്ല - പിഴ കുറവായി ഈടാക്കുന്നു.

താഴെ പറയുന്ന പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചിട്ടില്ല. എന്നാൽ PWD മാനുവൽ അനുശാസിക്കും പ്രകാരമുള്ള പിഴ ഈടാക്കി കാലയളവ് ദീർഘിപ്പിച്ചിട്ടുമില്ല. PWD മാനുവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ കാലാവധി ദീർഘിപ്പിക്കുന്നതിന് PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹.2000/-, പരമാവധി ₹.100000/-) പരമാവധി 50% വരെ പിഴ ഈടാക്കി കാലാവധി ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ PWD മാനുവൽ അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടില്ല.

1)ചിറയിൽ മുക്ക് - ചിറയിൽപ്പടി റോഡ് പാർശ്വഭിത്തി നിർമ്മാണം , S0066/19,

റോഡിൽ പാർശ്വഭിത്തി നിർമ്മിച്ച് മണ്ണ് ഫില്ല് ചെയ്ത റോഡ് ലെവൽ ഉയർത്തി റോഡ് സഞ്ചാരയോഗ്യമാക്കുക എന്നതായിരുന്നു പദ്ധതി ലക്ഷ്യം. 6 മാസമായിരുന്നു പൂർത്തീകരണ കാലയളവ്. 15.12.18 ൽ കരാർ ചമച്ച പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് 06.01.21 ൽ മാത്രമാണ്. ഫൈനൽ ബില്ലിന്റെ 1% , 2327 രൂപ മാത്രമാണ് പിഴയായി ഈടാക്കിയിട്ടുള്ളത്.

| | |
|---|---|
| അടങ്കൽ | 1500000<br>MGR -1058900<br>Own- 441100 |
| കരാർ നം | 32/AE/15.12.18 |
| കരാറുകാരൻ | വിനോദ് കുമാർ .ബി, |
| പി.എ.സി | 1454770.71 |
| ആകെ മൂല്യം | 1376769 |
| അവസാന അളവ് | 06.01.21 |
| എം ബുക്ക് നം | 340/18-19, 277/20-21 |
| ചെലവ് വിവരം | 1st And Part Bill - 1146377<br>305277/- ബിൽ നം.6/21.04.20<br>400000/-ബിൽ നം.11/23.04.20<br>441100/-ചെക്ക് നം. 0565127/20.03.20<br>ഫൈനൽ ബിൽ - 230392/-ബിൽ നം. 65/29.03.21 |

പി.എ.സി യുടെ 3% തുകയാണ്( 3% Of 1454770.71= 43643)കുറവ് ചെയ്യേണ്ടത് എന്നിരിക്കെ കുറവ് ചെയ്തത് ഫൈനൽ ബില്ലിന്റെ 1% , 2327 രൂപ മാത്രം.

2)ശാസ്തമംഗലത്ത് മുക്ക് - കുറ്റിവേലിൽതറ ഏല റോഡ് പുനരുദ്ധാരണം , S0071/19, S0154/20-21

| | |
|---|---|
| അടങ്കൽ | 760000 |
| കരാർ നം | 7/AE/24.10.18 |
| കരാറുകാരൻ | ആകർഷ് കുമാർ |
| എഗ്രീഡ്. പി.എ.സി | 736844.48 |
| ആകെ മൂല്യം | 733989 |
| അവസാന അളവ് | 28.02.2020 |
| എം ബുക്ക് നം | 138/17-18, 40/18-19 |
| ചെലവ് വിവരം | 140531/-own Fund<br>Part Bill -593458/21.01.20,mt |

24.10.18 ൽ കരാർ ചമച്ച പ്രവൃത്തി പൂർത്തീകരിച്ചത് 28.02.2020 ൽ മാത്രമാണ്. പാർട്ട് ബില്ലിന്റെ 1%, 5935 രൂപ മാത്രമാണ് പിഴയായി ഈടാക്കിയിട്ടുള്ളത്. ഫൈനൽ ബില്ലിൽ നിന്നും പിഴ ഈടാക്കിയിട്ടുമില്ല. പി.എ.സി യുടെ 3%

തുകയാണ്( 3% Of 736844.48= 22105) കുറവ് ചെയ്യേണ്ടത് എന്നിരിക്കെ കുറവ് ചെയ്തത് പാർട്ട് ബില്ലിന്റെ 1% , 5935 രൂപ മാത്രം.

3)പി.എച്ച്.സി സബ്സെന്റർ നിർമ്മാണം,(3/20) - യഥാസമയം പ്രവ്യത്തി പൂർത്തീകരിച്ചില്ല.

| | |
|---|---|
| അടങ്കൽ | 899999 |
| കരാർ നം | 34/AE/2019-20/11.12.19 |
| കരാറുകാരൻ | വിനോദ് കുമാർ.ബി |
| എഗ്രീഡ്. പി.എ.സി | 800705.02 |
| ആകെ മൂല്യം | 766809 |
| എം ബുക്ക് നം | 221/18-19, 291/20-21 |
| ചെലവ് വിവരം | 858825/-<br>ബിൽ ക്രമ നം.58/30.03.21 |

11.12.19 ൽ കരാർ ചമച്ച പ്രവ്യത്തി പൂർത്തീകരിച്ച് ചെക്ക് മെഷർ ചെയ്തിരിക്കുന്നത് 26.03.21 ലാണ്. 6 മാസം ആയിരുന്നു പൂർത്തീകരണ കാലയളവ്, എന്നാൽ പൂർത്തീകരിച്ചതാവട്ടെ 15 മാസങ്ങൾക്ക് ശേഷവും. എം ബുക്കിലൊന്നും തന്നെ അളവ് തീയതി രേഖപ്പെടുത്തിയിട്ടില്ല.

PWD മാനുവൽ സെക്ഷൻ 2112 യിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രവ്യത്തിയുടെ പൂർത്തീകരണത്തിന് ശേഷം ആകെ മൂല്യത്തിന്റെ 1% തുകയായ 7744 രൂപ മാത്രമാണ് പിഴയായി കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടുള്ളൂ. പി.എ.സി യുടെ 3% തുകയാണ്( 3% Of 800705.02 = 24021)കുറവ് ചെയ്യേണ്ടത് എന്നിരിക്കെ കുറവ് ചെയ്തത് 7744 രൂപ മാത്രം.

കാലാവധി ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷ നൽകുകയോ അതിന്റെ അടിസ്ഥാനത്തിൽ പിഴ ഈടാക്കി കാലയളവ് ദീർഘിപ്പിക്കുകയോ ചെയ്തിട്ടില്ല. സപ്ലിമെന്ററി കരാർ ചമച്ചിട്ടുമില്ല. PWD മാനുവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ കാലാവധി ദീർഘിപ്പിക്കുന്നതിന് PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹.2000/-, പരമാവധി ₹.100000/-) പരമാവധി 50% വരെ പിഴ ഈടാക്കി കാലാവധി ദീർഘിപ്പിക്കാവുന്നതാണ്.

PWD മാനുവൽ അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക്(11/27.05.22,31/31.05.22) മറുപടി ലഭിച്ചില്ല. മേൽ പ്രവർത്തികളിൻ മേൽ ഈടാക്കേണ്ടിയിരുന്ന പിഴ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-32 പദ്ധതി പൂർത്തീകരണ വിവരം ലഭ്യമല്ല -തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം./പേര്. 115/വിവിധ വാർഡുകളിൽ എസ്.സി.കോളനികളിൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ

അടങ്കൽ . 155000

ചെലവ് . 155000

ബിൽ നം.3/16.04.2020

അസി.സെക്രട്ടറി നടപ്പാക്കിയ സ്പിൽ ഓവർ പദ്ധതിയാണ് വിവിധ വാർഡുകളിൽ എസ്.സി.കോളനികളിൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ. 2020-21 ൽ പദ്ധതിയ്ക്കായി 155000/- രൂപ നിക്ഷേപിച്ചതായി കാണുന്നുവെങ്കിലും പദ്ധതിയുടെ പൂർത്തീകരണ, തുക വിനിയോഗ വിവരങ്ങൾ ഓഡിറ്റ് അന്വേഷണം.14/20-21/27.05.22 മുഖേന ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമായില്ല. രേഖകളുടെ അഭാവത്തിൽ ചെലവു തുക 155000/- രൂപ തടസ്സപ്പെടുത്തുന്നു .

പദ്ധതി സമയബന്ധിതമായി പൂർത്തീകരിയ്ക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. വിഷയം വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-33 കുടിവെള്ളവിതരണം-തനത് ഫണ്ടിന് അധിക ബാദ്ധ്യത

| | |
|---|---|
| പ്രോജക്ട് നമ്പർ /പേര് | 215/21 -കുടിവെള്ള വിതരണം |
| അടങ്കൽ/ ചെലവ് | 800000/- തനത് ഫണ്ട് |

| | |
|---|---|
| ചെക്ക് നമ്പർ - | 0565786/24.03.2021- 792000<br>0565787/24.03.2021- 8000(ആദായ നികുതി) |
| നിർവ്വഹണം | സെക്രട്ടറി |

മാവേലിക്കര താലൂക്കിലെ വിവിധ ഭാഗങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന വാട്ടർ കിയോസ്കുകളിലും വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചിരിക്കുന്ന പ്രദേശങ്ങളിൽ ടാങ്കർ ലോറികളിൽ നേരിട്ടും ലും വാട്ടർ അതോറിറ്റിയുടെ ചെന്നിത്തലയിലുള്ള പമ്പ് ഹൌസിൽ നിന്നും 5000, 10000ലിറ്റർ സംഭരണശേഷിയുള്ള സിന്റെക്സ് ടാങ്കിൽ വെള്ളം നിറച്ച് കുടിവെള്ള വിതരണംചെയ്യുന്നതിന് 5.3.20ൽ എ8- 2727/2020 നമ്പരായി ആയി മത്സര സ്വഭാവമുള്ള ക്വട്ടേഷൻ ക്ഷണിച്ചിരുന്നു.

മാവേലിക്കര തഹസിൽദാറുടെ 10.3.2020 ലെ എ8- 2727/2020 നമ്പർ പ്രകാരമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ തുക ക്വാട്ട ചെയ്ത ശ്രീ.സതീഷ് ,സജി ഭവൻ കല്ലിമേൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള KL 5.U .3160 നമ്പർ വാഹനത്തിൽ 10000ലിറ്ററിന്റെ 5 ട്രിപ്പ് കുടിവെള്ളം ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് വിതരണം നടത്തുവാൻ കരാർ ഉടമ്പടി വച്ചു . ഇതിൻ പ്രകാരം സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടിലുൾപ്പെടുത്തി 01.04.2020 മുതൽ 01.06.2020 വരെ വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തിയതിന് കിലോമീറ്ററിന് 66/- രൂപ നിരക്കിൽ തുക നല്കിയിട്ടുണ്ട് .

പദ്ധതി ഫയൽ പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1. താലൂക്ക് ഓഫീസിൽ നിന്നുള്ള ക്വട്ടേഷൻ നോട്ടീസിലെ 5-ാം നമ്പർ നിബന്ധന പ്രകാരം കുടിവെള്ളവിതരണം നടത്തുന്ന വാഹനങ്ങൾ മറ്റ് ട്രിപ്പുകൾക്ക് ഉപയോഗിക്കാൻ പാടില്ലാത്തതും പമ്പ് ഹൗസിന് സമീപത്തായി പാർക്ക് ചെയ്യേണ്ടതുമാണ്. എന്നാൽ ജി.പി.എസ്. ട്രാവൽ സമ്മറി പ്രകാരം കുടിവെള്ളവിതരണം നടത്തിയ KL 5.U .3160 നമ്പർ വാഹനത്തിന്റെ സ്റ്റാർട്ട് & എൻഡ് ലൊക്കേഷൻ കൊച്ചാലുംമൂട് എന്ന സ്ഥലമാണ്.

2. കരാറുകാരൻ ഹാജരാക്കിയ ട്രിപ്പ് ഷീറ്റിൽ KWA പ്ലാന്റ് പ്രായിക്കരയിൽ നിന്നാണ് കുടിവെള്ളം ശേഖരിക്കുന്നത്. കുടിവെള്ളം പ്രായിക്കരയിൽ നിന്ന് ശേഖരിച്ചിരിക്കെ കുടിവെള്ള വിതരണം നടത്തിയ എല്ലാ ദിവസങ്ങളിലും കൊച്ചാലുംമൂട് എന്ന സ്ഥലത്ത് നിന്നും വന്ന് തിരിച്ച് കൊച്ചാലുംമൂട് വരെ പോകുന്നതിനുള്ള ദൂരത്തിന് ആനുപതികമായി ചാർജ്ജ് കണക്കാക്കുകയും ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ വാഹനം ഓടിയ ദൂരത്തെ ജി.പി.എസ് ട്രാവൽ സമ്മറി പ്രകാരമുള്ള ദൂരത്തിന് തുല്യമായി കാണിച്ച് ട്രിപ്പ് ഷീറ്റ് തയ്യാറാക്കുകയാണ് ചെയ്തിട്ടുള്ളത് .

3.ഗ്രാമ പഞ്ചായത്തിൽ കുടിവെള്ള ക്ഷാമം ഇല്ലാത്ത നിരവധി പ്രദേശങ്ങൾ ഉണ്ടെങ്കിലും കുടിവെള്ളം വിതരണം ചെയ്യുന്ന വാഹനം പഞ്ചായത്തിലെ 19 വർഡുകളിലും ചുറ്റിക്കറങ്ങിയതായാണ് ട്രിപ്പ് ഷീറ്റ് കാണിക്കുന്നത് . ജി.പി.എസ് സ്റ്റേറ്റ്മെന്റിൽ വാഹനം ഒരു ദിവസം സഞ്ചരിച്ച ആകെ ദൂരം മാത്രം കാണിക്കുന്നതിനാൽ അതുമായി താരതമ്യം ചെയത് ട്രിപ്പ് ഷീറ്റിന്റെ കൃത്യത ബോധ്യപ്പെടാനായില്ല .

4. രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിട്ട സമീപസ്ഥ പഞ്ചായത്തുകളിൽ എല്ലാം തന്നെ 2020മെയ് മാസം മധ്യത്തോടുകൂടി ശക്തമായ മഴ ലഭിച്ചതിനെ തുടർന്ന് കുടിവെള്ള വിതരണം അവസാനിപ്പിച്ചിരുന്നു. എന്നാൽ പാലമേൽ പഞ്ചായത്തിൽ 01.06.2020വരെ കുടിവെള്ള വിതരണം നടത്തിയിട്ടുള്ളതായി രേഖകൾ കാണിക്കുന്നു . ഇതിന്റെ ആവശ്യകത അധികൃതരാരും തന്നെ സാക്ഷ്യപ്പെടുത്തിയില്ല.

5. ക്വട്ടേഷൻ നോട്ടീസിലെ നിബന്ധന 20 പ്രകാരം പ്രത്യേകം തയ്യാറാക്കി നൽകുന്ന മൂന്ന് കളറിലുള്ള സ്ലിപ്പുകളിൽ മഞ്ഞ, നീല കളറിലുള്ളവ വിതരണകേന്ദ്രത്തിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി വാഹനത്തിന്റെ ഡ്രൈവർക്ക് നൽകേണ്ടതും അതിൽ മഞ്ഞ സ്ലിപ്പിൽ വാഹനത്തിന്റെ ഡ്രൈവർ ബാക്കി കോളങ്ങൾ കൂടി ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി ട്രിപ്പ് അവസാനിച്ചാലുടൻ തദ്ദേശസ്ഥാപന സെക്രട്ടറിയ്ക്ക് നൽകേണ്ടതാണ് . എന്നാൽ ഇപ്രകാരമുള്ള മഞ്ഞ സ്ലിപ്പ് ഡ്രൈവറിൽ നിന്നും വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല .

കുടിവെള്ള വിതരണം ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെടുന്ന ഇനമാണെങ്കിലും അത് ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയതിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയുടെ ഭാഗത്തു നിന്നും തികഞ്ഞ ഉദാസീനതയും തനതു ഫണ്ടിന് അധിക ബാധ്യത വരുത്തുന്ന പ്രവർത്തിയുമായി മാറി . പദ്ധതി നിർവ്വഹണത്തിലെ അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം.നം. 03/20-21/25.05.22 നല്കിയെങ്കിലും മറുപടി ലഭിച്ചില്ല.

വരും വർഷങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി സുതാര്യവും കാര്യക്ഷമവുമായി നടപ്പാക്കുന്നതിന് ഭരണ സമിതി ശ്രദ്ധ ചെലുത്തേണ്ടതാണ് .

## 1-34 മഴക്കാലപൂർവ്വ ശുചീകരണം-ചെലവ് രേഖകൾ ഹാജരാക്കിയില്ല

2020-21 കാലയളവില് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 11.05.2020-ലെ 22000115 നം. വൗച്ചർ പ്രകാരം 190000/- രൂപ 19 വാർഡുകളിലുമുള്ള വാർഡ് തല സമിതികൾക്ക് നൽകിയിട്ടുണ്ട്. ആയത് സംബന്ധമായ ചെലവ് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല. പ്രസ്തുത രേഖകൾഹാജരാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 22/28.05.2022) മറുപടി ലഭ്യമായിട്ടില്ല.ഈ സാഹചര്യത്തിൽ ടി ചെലവ് രേഖകൾ ഹാജരാക്കുന്നതിനു വിധേയമായി ഇതിനായി ചെലവഴിച്ച 190000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-35 ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതം തനതു ഫണ്ടിൽ നിക്ഷേപമായി തുടരുന്നു

പ്രോജക്ട്നം ./പേര്- 213/നിലാവ് -തെരുവു വിളക്ക് സ്ഥാപിക്കലും പരിപാലനവും

അടങ്കൽ /ചെലവ് . 1607139(ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

1392861(തനതു ഫണ്ട് )

ബിൽ നം.15/12.11.2020

ചെക്ക് നം .056734/30.10.2020

2020-21 ൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കാൻ ആവിഷ്കരിച്ചതാണ് നിലാവ് -തെരുവു വിളക്ക് സ്ഥാപിക്കലും പരിപാലനവും എന്ന പദ്ധതി .

സർക്കാർ ഉത്തരവ് (കൈ) നം.117/2020/തസ്വഭവ/10.08.2020 പ്രകാരം കേരള സർക്കാരിന്റെ പന്ത്രണ്ടിന പരിപാടിയിൽ ഉൾപ്പെട്ട നിലാവ് പദ്ധതി, ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കുക വഴി വൈദ്യുതി ഉപഭോഗം കുറയ്ക്കുക, കാർബൺ ബഹിർഗമനം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ പഞ്ചായത്ത് പരിധിയിലുള്ള തെരുവു വിളക്കുകൾ എൽ.ഇ.ഡി യിലേക്ക് മാറ്റി , കെ.എസ്.ഇ.ബി മുഖേന സർക്കാർ നിർദ്ദേശാനുസരണം വാർഷിക അറ്റകുറ്റപ്പണി നടത്തുക എന്നതായിരുന്നു പദ്ധതി ലക്ഷ്യം.

പദ്ധതിയ്ക്കായി കെ.എസ്.ഇ.ബി നൂറനാട് ഇലക്ട്രിക്കൽ സെക്ഷൻ അസി.എഞ്ചിനീയറുടെ DB/2020- 21/ AE/ES-NRD/Demand/ NILAVU/21/20.10.2020 നമ്പർ ഡിമാന്റ് പ്രകാരം 3000000/-രൂപ ഗ്രാമ പഞ്ചായത്ത് അടച്ചു. എന്നാൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചില്ലാത്തതിന്മേൽ നല്കിയ ഓഡിറ്റ് അന്വേഷണം നം.4/20-21/25.05.22 ന് നല്കിയ മറുപടിയിൽ സർക്കാർ ഉത്തരവ് (കൈ) നം.202/2020/തസ്വഭവ/25.12.2020 ൽ പദ്ധതി വിഹിതം തദ്ദേശ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നും ഉറവിടത്തിൽ കുറവു ചെയ്യുന്നതിന് ധനകാര്യ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുള്ളതിനാൽ നൂറനാട് ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും 3000000/-രൂപ ഗ്രാമ പഞ്ചായത്ത് തനതു ഫണ്ട് അക്കൗണ്ടിലേക്ക് തിരികെ നല്കി എന്ന് അറിയിച്ചു .

ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതമായ 1607139/- രൂപ നിലവിലും കണ്ടസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടയ്ക്കാതെ തനതു ഫണ്ടിൽ നിക്ഷേപമായി നിലനിർത്തിയിരിക്കുന്നത് ഉചിതമായ നടപടിയല്ല. തുക തിരികെ അടച്ച് വിവരം അറിയിക്കേണ്ടതാണ് .

## 1-36 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരിൽ നിന്നും ആദായ നികുതി ജിഎസ്സ്ടിയും ഈടാക്കിയില്ല

തൊഴിലുറപ്പു വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ മെറ്റീരിയൽ വർക്കുകളുടെ കണക്ക് പ്രകാരം ഗ്രാമ പഞ്ചായത്തിൽ 2020-21 വർഷം മെറ്റീരിയൽ ഘടകം ഉൾപ്പെട്ട 68 റോഡ് കോൺക്രീറ്റിംഗ് വർക്കുകൾ നടപ്പാക്കിയിട്ടുണ്ട് .

റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ മെറ്റലും, എം സാൻഡും, സിമന്റും സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും 1961 ലെ ആദായ നികുതി വകുപ്പിലെ സെക്ഷൻ 194 C യിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം 1% ആദായ നികുതിയും, 2.5 ലക്ഷം രൂപയിൽ അധികം നൽകിയ ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ജി.എസ്സ്.ടിയും കുറവ് ചെയ്തിട്ടില്ല .

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടർ 30/07/19 ൽ പുറപ്പെടുവിച്ചിട്ടുള്ള നം.957/ഇ.ജി.എസ്സ് /16/ആർ.ഇ.ജി.എസ്സ് സർക്കുലറിൽ, 2017 ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ, അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ / വ്യാപാരിയിൽ നിന്നും 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് GST വകുപ്പിൽ ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ തൻവർഷം നിർവ്വഹിച്ചിട്ടുള്ള മെറ്റീരിയൽ പ്രവർത്തികളിൽ കരാറുകാരനിൽ നിന്നും ഇപ്രകാരം കിഴിവ് വരുത്താതെ മുഴുവൻ തുകയും നൽകിയിട്ടുണ്ട്.

ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു

| ക്രമ നം. | പ്രവ്യത്തിയുടെ പേര് | കരാറുകാരൻ | കരാറുകാരൻ സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ തുക. | ഈടാക്കേണ്ട ആദായ നികുതി ( 1% ) | ഈടാക്കേണ്ട GST ( 2% ) |
|---|---|---|---|---|---|
| 1 | വാഴവിള മുക്ക് കൊച്ചു തുണ്ടിൽ തെക്ക് കോൺക്രീറ്റ് റോഡ് നിർമ്മാണം -വാർഡ് 1 | സുരേഷ് കുമാർ .കെ | 188331 | 1883.31 | - |
| 2 | കാട്ടുതറ വിളയിൽ റോഡ് കോൺക്രീറ്റ് റോഡ് നിർമ്മാണം -വാർഡ് 2 | കെ.എൻ .പ്രസന്ന കുമാർ | 259186 | 2591.86 | 5183.72 |
| 3 | ചില്ലിക്കാട്ടു മുതൽ കൊപ്പാറേത്തു വരെ കോൺക്രീറ്റ് റോഡ് നിർമ്മാണം -വാർഡ് 2 | വിനോദ് കുമാർ .ബി | 368286 | 3682.86 | 7365.72 |
| 4 | ഗുരുമന്ദിരം താഴോട്ട് റോഡ് കോൺക്രീറ്റ് റോഡ് നിർമ്മാണം -വാർഡ് -3 | വിജയകുമാർ .വി.കെ | 300132 | 3001.32 | 6002.64 |
| 5 | കാഞ്ഞിര വിള തെക്കേത്തറ കോൺക്രീറ്റ് റോഡ് നിർമ്മാണം -വാർഡ് -8 | എൻ .ഗോപാല കൃഷ്ണ കുറുപ്പ് | 402244 | 4022.44 | 8044.88 |
| 6 | കണ്ണാട്ട് ഏല തോട് തോട് റോഡ് കോൺക്രീറ്റ് റോഡ് നിർമ്മാണം -വാർഡ് -11 | അജിത്ത് എസ് | 390871 | 3908.71 | 7817.42 |
| 7 | മുള്ളംകുറ്റിയിൽ പറവട്ടയ്യം കോൺക്രീറ്റ് റോഡ് നിർമ്മാണം -വാർഡ് -10 | നൗഷാദ് | 382571 | 3825.71 | 7651.42 |
| 8 | മണലാടി -അമൃതവിളകോൺക്രീറ്റ് റോഡ് നിർമ്മാണം -വാർഡ് -10 | മുഹമ്മദ് ഹനീഫ | 396332 | 3963.32 | 7926.64 |
| 9 | കൊച്ചു പാലവിള കരണ്ടേത്ത് റോഡ് | ആകർഷ് കുമാർ | 318262 | 3182.62 | 6365.24 |

ആദായ നികുതി, ജി.എസ്.ടി എന്നിവ ഉറവിടത്തിൽ കുറവു ചെയ്യാതെ മുഴുവൻ തുകയും അനുവദിച്ചതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.24/20-21/30.05.22 ന് മറുപടി ലഭ്യമാക്കിയില്ല .

നിയമാനുസൃതമായി ഈടാക്കേണ്ട നികതികൾ കുറവു ചെയ്ത മാത്രം കരാറുകാർക്ക് തുക അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-37 കറവപ്പശു വളർത്തൽ പദ്ധതി - രേഖകൾ ക്രമപ്രകാരം പരിശോധനയ്ക്ക് നൽകിയില്ല-തുക

തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര് - കറവപ്പശു വളർത്തൽ

പ്രോജക്ട് നമ്പര് - 89/2020

അടങ്കൽ - 2750000

ചെലവ് - 2090000

കറവപ്പശു വളർത്തൽ പദ്ധതി പ്രകാരമുള്ള അപേക്ഷകളും അനുബന്ധരേഖകളും ക്രമത്തിൽ അടുക്കി ശരിയായ നിലയിലല്ല സമർപ്പിച്ചിട്ടുള്ളത്. പശുക്കളുടെ വാങ്ങൽ പ്രക്രിയ നിർവ്വഹിക്കേണ്ട പർച്ചേസിംഗ് കമ്മിറ്റി അംഗങ്ങളുടെ ഒപ്പോ ശുപാർശയോ ഫയലുകളിൽ ചേർത്തിട്ടില്ല.മേൽ കാരണങ്ങളാൽ ചെലവ് സംബന്ധമായ പരിശോധനകൾ നടത്തുവാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ പദ്ധതി നടപ്പാക്കിയതു സംബന്ധമായ രേഖകൾ ക്രമപ്രകാരം പരിശോധനയ്ക്ക് സമർപ്പിക്കുന്നതിനു വിധേയമായി മേൽ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-38 ലൈഫ് പദ്ധതി അവലോകനം

ലൈഫ് ഭവന നിർമ്മാണ പദ്ധതി ആരംഭിച്ചതു മുതൽ 2020-21 വരെ നടപ്പാക്കിയതിന്റെ വിവരം

| നം | ലക്ഷ്യംവച്ചിട്ടുള്ള ആകെ ഭവന നിർമ്മാണങ്ങൾ | പൂർത്തീകരിച്ചവയുടെ എണ്ണം | ഭാഗീകമായി മാത്രം പൂർത്തിയാക്കിയവ സംബന്ധിച്ച വിവരം | | ഭാഗീകമായി മാത്രം പൂർത്തീകരിച്ചവയിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം | യാതൊരു നടപടികളും ആരംഭിക്കാത്തവയുടെ എണ്ണം | |
|---|---|---|---|---|---|---|---|
| | 267+29 | 240 | ഗുണഭോക്താവിന്റെ പേര് | നൽകിയിട്ടുള്ള തുക | | ഗുണഭോക്താവിന്റെ പേര് | നൽകിയിട്ടുള്ള തുക |
| 1 | | | മണിയമ്മ കൊച്ചുതയ്യിൽ വടക്കേതിൽ | 40000 | | മണിയമ്മ കൊച്ചുതയ്യിൽ വടക്കേതിൽ | 40000 |
| 2 | | | കുഞ്ഞിക്കുട്ടി മുകളുപറമ്പിൽ | 40000 | വസ്തു തർക്കം. ഗുണഭോക്താവിന്റെ ആവശ്യപ്രകാരം ഒരു മാസത്തെ സമയം കൂടി അനുവദിച്ചിരിക്കുന്നു | | |
| 3 | | | ഗോമതി/ ഗോപകുമാർ വല്യവീട്ടിൽ | 300000 | നിർമ്മാണം പുരോഗമിക്കുന്നു. | | |
| 4 | | | ലില്ലിക്കുട്ടി പ്രിൻസി സദൻ | 200000 | നിർമ്മാണം പുരോഗമിക്കുന്നു. | | |
| 5 | | | സുനിൽ ചിറയുടെ മേലേതിൽ | 300000 | പൂർത്തീകരിച്ചു. അവസാന ഗഡുതുക കൊടുക്കുവാനുണ്ട് | | |
| 6 | | | പ്രഭാകരൻ സൂര്യഭവനം | 40000 | | | |
| 7 | | | ശാന്ത ചിത്തരാജൻ ലക്ഷം വീട് | 200000 | നിർമ്മാണം പുരോഗമിക്കുന്നു. | | |
| 8 | | | രാധാമണി മധു ഭവനം | 200000 | നിർമ്മാണം പുരോഗമിക്കുന്നു. | | |
| 9 | | | അശ്വതി തറയിൽ കിഴക്കേതിൽ | 200000 | നിർമ്മാണം പുരോഗമിക്കുന്നു. | | |
| 10 | | | സജിത രാജൻ സാന്ദ്രാ ഭവനം | 300000 | നിർമ്മാണം പുരോഗമിക്കുന്നു. | | |
| 11 | | | കമലാക്ഷി കമലാക്ഷി ഭവനം | 40000 | നിർമ്മാണം പുരോഗമിക്കുന്നു. | | |
| 12 | | | സിനി പ്രകാശ് പ്രകാശ് | 40000 | നിർമ്മാണം | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | ഭവനം | | പുരോഗമിക്കുന്നു. | | |
| 13 | | | ലീല നിരകത്ത് കുറ്റിയിൽ | 40000 | നിർമ്മാണം പുരോഗമിക്കുന്നു. | | |
| 14 | | | മഞ്ജു നിലയ്ക്കൽ കൊട്ടിക്കൽ | 40000 | 2022 മാർച്ചിൽ ആണ് അഡ്വാൻസ് കൊടുത്തത് | | |
| 15 | | | ഷീജ അജികുമാർ തറയിൽ കിഴക്കേതിൽ | 40000 | നിർമ്മാണം പുരോഗമിക്കുന്നു. | | |
| 16 | | | ലിസ രതീഷ് ഭവനം | 40000 | 2021 മാർച്ചിൽ ആണ് അഡ്വാൻസ് കൊടുത്തത് | | |
| 17 | | | ലേഖ ആതിര ഭവനം | 40000 | നിർമ്മാണം പുരോഗമിക്കുന്നു. | | |
| 18 | | | രാജി ശശി ശശി ഭവനം | 40000 | 2021 മാർച്ചിൽ ആണ് അഡ്വാൻസ് കൊടുത്തത് | | |
| 19 | | | താമരാക്ഷി ഏലക്കോട്ട് കിഴക്കേതിൽ | 40000 | നിർമ്മാണം പുരോഗമിക്കുന്നു. | | |
| 20 | | | ഗീത തെക്കിനേത്ത് | 40000 | 2021 മാർച്ചിൽ ആണ് അഡ്വാൻസ് കൊടുത്തത് | | |
| 21 | | | കുട്ടി മുക്കത്തയ്യത്ത് | 40000 | നിർമ്മാണം പുരോഗമിക്കുന്നു. | | |
| 22 | | | രഞ്ജിനി അനിൽകുമാർ അശോക ഭവനം | 40000 | 2021 മാർച്ചിൽ ആണ് അഡ്വാൻസ് കൊടുത്തത് | | |

(ഓഡിറ്റ് അന്വേഷണം നം. 18/20-21/27.05.22ന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത് )

# ഭാഗം -2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ഷോപ്പിംഗ് കോംപ്ളക്സുകളിൽ നിന്നും വാടക ഈടാക്കുന്നില്ല-112859/-രൂപ വരവ് നഷ്ടം

1) പാലമേൽ ഗ്രാമപഞ്ചായത്ത് 2020-21 വർഷം വാടകയ്ക്ക് കൊടുത്തിരിക്കുന്ന ഷോപ്പിംഗ് കോംപ്ളക്സ്കളിലെ താഴെപ്പറയുന്ന മുറികളിൽ നിന്നും വാടക ഈടാക്കിയതായി കാണുന്നില്ല. വിശദവിവരങ്ങൾ ചുവടെ

2020-21 വാടക കുടിശ്ശിക വിവരങ്ങൾ

| ക്രമ നം | പേര് മേൽവിലാസം | ഷോപ്പ് നം | വാടക നിരക്ക് | അടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 1 | മുഹമ്മദാലി മുഹമ്മദ് മൻസിൽ പറക്കോട് | 21(19/463) | 7415X6 | 44490 |
| 2 | കെ.എസ്.ഇ.ബി | 10 | 5283X11 | 58113 |
| 3 | സുരൻ ,പണിതടത്തിൽ | 15/16 | 1342X1 | 1343 |
| 4 | ഷാഹുൽ ഹമീദ് | 23 | 734X3 | 2202 |
| 5 | ലൈലബീവി ,പനയ്ക്കലത്ത് | 26 | 550x3 | 1650 |
| 6 | ശശികുമാർ,കരുണാലയം | 27 | 1687x3 | 5061 |
| ആകെ കുടിശ്ശിക | | | | 112859 |

മേൽ വാടകകുടിശ്ശിക വരുത്തിയവരിൽ നിന്നും വാടക കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഹാജരാക്കാനും ഇവരുമായി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കാനും വാടക കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 2/25-05-22 /20-21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും വാടകകുടിശ്ശിക പലിശ സഹിതം ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 2-2 മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 18 അനുസരിച്ച് വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് കേ.പ.രാ ആക്ട് 232-ാം വകുപ്പ് പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കി നൽകുകയോ ചെയ്യുന്നതിന് പട്ടിക III ൽ പറഞ്ഞ തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ 2020-21 വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള ഫീസ് അപേക്ഷയ്ക്കൊപ്പം അറ്റാച്ച് ചെയ്തിരിയ്ക്കുന്ന ലൈസൻസിന്റെ പകർപ്പിൽ മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയതായി കാണുന്നില്ല. ഈടാക്കേണ്ടിയിരുന്ന ഫീസിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ/ സ്ഥാപനത്തിന്റ പേര് | അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | ചുമത്താവുന്ന മോട്ടോർ ഫീസ് | ഈടാക്കിയ മോട്ടോർ ഫീസ് |
|---|---|---|---|---|
| 1 | വിദ്യാധരൻ ശാന്തി ഫ്ളവർ മിൽസ് 15/265 | 10 | 100 | 0 |
| 2 | ഷാജഹാൻ.എം, ഷാദിൽ ഫ്ളവർമിൽ 11/570 | 10 HP | 100 | 0 |
| 3 | അനിതകുമാരി, ആതിര ഹോളോബ്രിക്സ്,7/28 | 12 HP | 200 | 0 |
| 4 | ജിൻസി ബിജു, A&A കോൺക്രീറ്റ് മിക്സ് 6/735 | 55 HP | 1000 | 0 |
| 5 | നൗഷാദ് കുറ്റിവിളയിൽ ഹോളോബ്രിക്സ്, | 11 Hp | 200 | 0 |
| 6 | അന്നമ്മ വർഗ്ഗീസ് പ്രെയിസ് ഹോളോബ്രിക്സ് 7/70 | 10HP | 100 | 0 |
| ആകെ | | | 1100 | |

മേൽ സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 6/26-05-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിയ്ക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഗുണഭോക്താവ് മരിച്ച ശേഷം കട്ടിൽ വിതരണം-4350/-രൂപ നഷ്ടം

പ്രോജക്റ്റ് നം SO97/20

അടങ്കൽ തുക -695000(പൊതുവിഭാഗം സാധാരണവിഹിതം)

710050/- തനത് ഫണ്ട്

ചെലവ് -8,56,901

ട്രഷറി ബിൽ നം 14/20-12-20 = 52200/-

15/20-12-20 = 3,91,500/-

16/20-12-20 - 2,51,300 /-

1,61,901 /-, തനത് ഫണ്ട്

പാലമേൽ ഗ്രാമപഞ്ചായത്തിൽ ICDS സൂപ്പർവൈസർ നടപ്പാക്കിയ വൃദ്ധർക്ക് കട്ടിൽ വാങ്ങൽ എന്ന പദ്ധതി പ്രകാരം 4350 രൂപ നിരക്കിൽ 197 കട്ടിലുകൾ ആർട്ട്കോ യിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകത ചുവടെ ചേർക്കുന്നു

പഞ്ചായത്തിലെ മരണ-ജനന രജിസ്ട്രേഷൻ സോഫ്റ്റ് വെയറായ സേവന പരിശോധിച്ചതിൽ നിന്നും പദ്ധതി ഗുണഭോക്താവായ കാർത്ത്യായനി, സോമാലയം, ഉളവുകാട് 16/12/20 ൽ മരണപ്പെട്ടതായി കാണുന്നു,(ഡെത്ത് രജിസ്ട്രേഷൻ നം 221/2020, ഡെത്ത് തീയതി 29/12/20). എന്നാൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ നിന്നും ടി ഗുണഭോക്താവിന് കട്ടിൽ നൽകിയതായി കാണുന്നു, ബന്ധപ്പെട്ട കൈപ്പറ്റ് രജിസ്റ്ററിൽ പേജ് നം 5,ക്രമ നം 21 പ്രകാരം കട്ടിൽ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ടി കൈപ്പറ്റ് രജിസ്റ്ററിൽ കട്ടിൽ വിതരണം ചെയ്ത തീയതി രേഖപ്പെടുത്തിയില്ല. മരണപ്പെട്ട വ്യക്തിയുടെ പേരിൽ നൽകിയ വിതരണ രേഖയിൽ മകനായ സോമനാണ് കട്ടിൽ കൈപ്പറ്റിയിരിക്കുന്നത്. മേൽ അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 21/28-05-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താവ് മരിച്ചതിനാൽ മറ്റൊരു ഗുണഭോക്താവിനെ കണ്ടെത്തി കട്ടിൽ നല്കാമായിരുന്നതാണ്. ടി ഗുണഭോക്താവിന് കട്ടിൽ നൽകിയതിന് ചെലവായ 4350/-രൂപ ഓഡിറ്റൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 ബഡ്സ് സ്കൂൾ ചുറ്റമതിൽ പൂർത്തീകരണം , S067/21- നിലവിൽ ചെയ്ത പ്രവൃത്തിക്കായി വീണ്ടും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി തുക പിൻവലിച്ചു.

കരാർ നം -02/AE/20-21/19.08.20

കരാറുകാരൻ - മുരളീധരൻ ആചാരി

എം ബുക്ക് നം- 298/20-21

315377/-FCA, ബിൽ നം.45/08.03.21

ബഡ്സ് സ്കൂൾ നിർമ്മാണവുമായി ബന്ധപ്പെട്ട് തൻവർഷം സ്പിൽ ഓവർ വർക്കുകളുൾപ്പെടെ 3 പ്രവൃത്തികൾക്കാണ് തുക ചെലവഴിച്ചത്. ബഡ്സ് സ്കൂൾ ചുറ്റമതിൽ പൂർത്തീകരണം എന്ന പ്രവൃത്തിയിൽ ചുറ്റമതിലിന്റെ പൂർത്തീകരണം, ബഡ്സ് സ്കൂൾ ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെയുള്ള വർക്കുകൾക്കാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. അപാകതകൾ .

1)ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം - പൂർത്തീകരണം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്ത 1:2:4 കോൺക്രീറ്റിംഗ് (എം ബുക്ക് 223/18-19, പേജ് നം. 7/24.02.20), ഈ പ്രവൃത്തിയിലും ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു(എം ബുക്ക് 298/20-21, പേജ് നം. 1/07.10.20).

ഇനം. 2, Over Existing DR, 1x22.60x0.50x0.05 = 0.565

1x4.30x0.50x0.05 = 0.107

Over Ramp, 1x3.80x3.95x0.05 = 0.750

ആകെ 1.422 M3 @7550 = 11098

ആദ്യ പ്രവൃത്തിയിൽ DR വർക്ക് ചെയ്തിരിക്കുന്നത് താഴെ പറയും പ്രകാരമാണ്.

For Compound Wall, 21.35x0.50x0.50= 5.33

Ramp , 1x2x3.20x0.50x(0.5+0)/2 =0.80

ചുറ്റിമതിൽ, റാംപ് എന്നിവയ്ക്കായി യഥാക്രമം 21.35, 3.20 മീറ്റർ നീളത്തിലാണ് എർത്ത് വർക്ക് എസ്കവേഷൻ, ഡി.ആർ എന്നിവ ചെയ്തത് എന്നിരിക്കെ അതിലും അധികരിച്ച അളവിൽ ഡി.ആറിന് മുകളിൽ കോൺക്രീറ്റിംഗ് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. തന്നെയുമല്ല മുൻപ് ചെയ്ത പ്രവൃത്തിയിൽ തന്നെ ഈ ഇനത്തിന് തുക അനുവദിക്കുകയും ചെയ്തിരുന്നു. ആയതിനാൽ 1.422 M3 @7550 = 11098 രൂപ അധികമായി ചെലവഴിച്ചു.

2)ഇലക്ട്രിഫിക്കേഷന് തുക വകയിരുത്തിയിരുന്നെങ്കിലും എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങിയതായി കാണുന്നില്ല. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. കരാറുകാരന് അധികമായി അനുവദിച്ച തുക കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് കെട്ടിടം

പ്രവർത്തനക്ഷമമാക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 100000 | അഗതിരഹിത കേരളം ഭവന പുനരുദ്ധാരണം | 100000 | 0 |
| | 2020-21 | 680000 | ലൈഫ് ഭവന നിർമ്മാണം പട്ടികജാതി | 680000 | 0 |
| | 2020-21 | 595000 | നെൽകൃഷി വിസ്തൃതി വ്യാപിപ്പിക്കൽ | 595000 | 0 |
| | 2020-21 | 300000 | പാലിന് സബ്സിഡി വനിത | 300000 | 0 |
| | 2020-21 | 300000 | പാലിന് സബ്സിഡി ജനറൽ | 300000 | 0 |
| | 2020-21 | 750000 | നെൽകൃഷി വിസ്തൃതി വ്യാപിപിക്കൽ | 750000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 170000 | നെൽകൃഷി വിസ്തൃതി വ്യാപിപ്പിക്കൽ | 170000 | 0 |
| | 2020-21 | 200000 | നെൽകൃഷി വിസ്തൃതി വ്യാപിപ്പിക്കൽ | 200000 | 0 |
| | 2020-21 | 100000 | പാലിന് സബ്സിഡി ജനറൽ | 100000 | 0 |
| | 2020-21 | 100000 | അനുപൂരക പോഷകാഹാരംഅങ്കൻവാടികളിൽ ജനറൽ | 100000 | 0 |
| | 2020-21 | 260000 | ലൈഫ് പദ്ധതി | 260000 | 0 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 22000597 | 245400 | 0 | 245400 |
| കെ.എസ്.ഇ.ബി | നിലാവ് | 22000596 | 1392861 | 0 | 1392861 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയതിന്റെ വിവരം

-ഇല്ല-

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ വായ്പ | | 1840000* | 28062353 | 3103372 | | 26798981 |

. *വാർഷിക കണക്ക് പ്രകാരമുള്ള തുകയാണ് ചേർത്തിട്ടുള്ളത്. വ്യത്യാസം ഖണ്ഡിക 1-2-1 ൽ പറഞ്ഞിട്ടുണ്ട്

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 101689635 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 99217703 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 4350 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3426000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 4350 | ശ്രീമതി.ഇന്ദുലേഖ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 991000 | മണിയപ്പൻ.പി.വി, സെക്രട്ടറി (700000/-)<br>ശാന്തകുമാർ. എ.ആർ ,ജൂനിയർ സൂപ്രണ്ട് (291000/-) |
| 1-32 | 155000 | നാസില.സി.എ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-34 | 190000 | മണിയപ്പൻ.പി.വി, സെക്രട്ടറി |
| 1-37 | 2090000 | ഡോ. സന്തോഷ് കുമാർ, വെറ്റിനറി സർജൻ |

| | | |
|---|---|---|
| | 3426000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| |
|---|
| ഖണ്ഡിക നമ്പർ -1-37 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| നാസില.സി.എ, അസിസ്റ്റന്റ് സെക്രട്ടറി | ജൂനിയർ സൂപ്രണ്ട്,അമ്പലപ്പുഴ നോർത്ത് ഗ്രാമപഞ്ചായത്ത് | കരിക്കളകത്ത് ഹൗസ്,വലിയമരം വാർഡ് ആലപ്പുഴ |
| മണിയപ്പൻ.പി.വി, സെക്രട്ടറി | സെക്രട്ടറി,അരൂർ ഗ്രാമപഞ്ചായത്ത് | പുത്തൻതറ,എഴുപുന്ന.പി.ഒ,ചേർത്തല |
| ഇന്ദുലേഖ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ ,പാലമേൽ | എരമത്ത് ഹൗസ്,കളവംകോടം,പി.ഒ,ചേർത്തല |
| ഡോ. സന്തോഷ് കുമാർ, വെറ്റിനറി സർജൻ | ഡെപ്യൂട്ടി ഡയറക്ടർ,ജില്ലാ വെറ്റിനറി ഹോസ്പിറ്റൽ കോട്ടയം | പത്മനിവാസ്,പള്ളിയ്ക്കൽ പി.ഒ,കോട്ടയം |
| ശാന്തകുമാർ. എ.ആർ ,ജൂനിയർ സൂപ്രണ്ട് | ജൂനിയർ സൂപ്രണ്ട്,പി.എ.യു-3,മാന്നാർ | ശാന്താ നിലയം.മേമന , ഓച്ചിറ .പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2006-07, 2007-08, 2008-09, 2009-10 | എൽ.എഫ്.എ.1577/13/12.5.14 |
| 2010-11, 2011-12 | എൽ.എഫ്.എ .പി6-369/2014/9.6.14 |
| 2012-13 | എൽ.എഫ്.പി6—149/2015/30.03.15 |
| 2013-14 | എൽ.എഫ്.എ.പി6—1077/2015/1.9.2015 |
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി6/823/16/28.07.2016 |

| | |
|---|---|
| 2015-16 | കെ.എസ്.എ/എ.എൽ.പി/പി 6/1332/16/02.12.2016 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി 6/1369/17/15.11.2017 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/പി 6/153/2019/16.05.2019 |
| 2018-19 | കെ.എസ്.എ/എ.എൽ.പി/പി 3/807/2020/30-12-2020 |
| 2019-20 | കെ.എസ്.എ-എ.എൽ.പി-പി.3/358/2022/ 27/03/2022 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്